# പാവറട്ടി തീർത്ഥകേന്ദ്രം –
# ടൂറിസ്റ്റ് മാപ്പിൽ

**“A PICTURE IS WORTH A THOUSAND WORDS”**

പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് സുപ്രസിദ്ധടൂറിസ്റ്റ് പ്രാധാന്യമുള്ള സ്ഥലങ്ങൾക്കും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലെ പോസ്റ്റ് ഓഫീസുകളേയും പോസ്റ്റ് ചെയ്യുന്ന കത്തുകളിലെ സ്റ്റാമ്പുകളിൽ മുദ്രണം ചെയ്യുന്നതിനായി പ്രത്യേക സചിത്ര റദ്ദാക്കൽ മുദ്ര അനുവദിക്കാറുണ്ട്. പാവറട്ടി പോസ്റ്റ് ഓഫീസിൽ പാവറട്ടി സെന്റ് ജോസഫ്സ് പാരിഷ് ഷ്രൈൻ തെക്കേഇന്ത്യയിലെ സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നായി പരിഗണിച്ച് കേരള ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റ്, തൃശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, വിവിധകേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളിലെ റിപ്പോർട്ടുകളും രേഖകളും പരിശോധിച്ച് വിശദമായ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ സുപ്രസിദ്ധ ടൂറിസ്റ്റ് തീർത്ഥാടനകേന്ദ്രങ്ങൾക്ക് പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് അനുവദിക്കുന്ന **പ്രത്യേക സചിത്ര റദ്ദാക്കൽ മുദ്ര** പാവറട്ടി തീർത്ഥകേന്ദ്രത്തിന് അനുവദിച്ച് Department of post India Office of the Chief Postmaster General, Kerala Circle, Trivandrum - 695 033 No: Phil/7-PC/95 Dated at Trivandrum- 695 033, the 02-05-1996 Endt. even No. Dated 02-05-1996 ഉത്തരവ് പ്രകാരം Pavaratty Sub. Post officeൽ പ്രത്യേക സചിത്ര റദ്ദാക്കൽ (Pictorial Cancellation) 13-05-1996 മുതൽ അനുവദിച്ചു.




പാവറട്ടി പോസ്റ്റോഫിസിലെ Pictorial Cancellation Box ൽ നിക്ഷേപിക്കുന്ന കത്തുകളിലെ സ്റ്റാമ്പിന്മേൽ പാവറട്ടി പള്ളിയുടെ ഈ രേഖാചിത്രം ആലേഖനം ചെയ്ത തപാൽ മുദ്ര പതിപ്പിച്ച് ഇവിടെ നിന്നും കത്തുകളും തപാൽ ഉരുപ്പടികളും അയക്കുന്നതാണ്. ഇതിന് പ്രത്യേക ഫീസോ സ്റ്റാമ്പോ ആവശ്യമില്ല.

PAVARATTYSHRINE.COM

കേരള ക്രൈസ്തവ തീർത്ഥാടന കേന്ദ്രങ്ങളിൽ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ ഈ പ്രത്യേക ബഹുമതി ലഭിച്ച **മൂന്നാമത്തേതും** തൃശൂർ **അതിരൂപതയിൽ ആദ്യത്തേതുമാണ്** പാവറട്ടി. മുൻപ് ഈ ബഹുമതിക്ക് അർഹമായ ക്രൈസ്തവ തീർത്ഥാടനകേന്ദ്രങ്ങൾ **മലയാറ്റൂരും ഭരണങ്ങാനവുമാണ്.**

സചിത്ര റദ്ദാക്കൽ മുദ്രയുടെ ഉദ്ഘാടനവും First Day Card ന്റെ പ്രകാശനവും 13-05-1996 ൽ ബഹു.കേരള ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ ശ്രീ. തോമസ് വർഗ്ഗീസ്, തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം, തൃശൂർ പോസ്റ്റൽ സീനിയർ സൂപ്രണ്ട് ശ്രീ.പി.എം. ശങ്കരൻ, സർക്കിൾ ഫിലാറ്റിക് ഓഫീസർ ശ്രീ.ഗീവർഗ്ഗീസ്, സ്വാമി മൃഡാനന്ദ (രാമകൃഷ്ണ ആശ്രമം, പുറനാട്ടുകര), പാവറട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, പാവറട്ടി തീർത്ഥകേന്ദ്രം വികാരി റവ.ഫാ. ജോസ് തെക്കേക്കര, അസി.വികാരി റവ.ഫാ. ഫ്രാൻസീസ് ആലപ്പാട്ട്, പാലയൂർ ഫൊറോന വികാരി റവ.ഫാ.ജോസഫ് ചാഴൂർ, റവ.സിസ്റ്റേഴ്സ്, സാംസ്കാരിക നായകന്മാർ, പൗരമുഖ്യന്മാർ, തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

ഉദ്ഘാടന സമ്മേളനത്തിൽ സചിത്ര റദ്ദാക്കൽ മുദ്രയുടെ പ്രാധാന്യത്തെ സംബന്ധിച്ച് ഉദ്ഘാടന, അധ്യക്ഷ, ആശംസാപ്രസംഗ ങ്ങളിൽ നിന്ന്:-

**ഒരു ചിത്രത്തിന്** എഴുത്തിനേക്കാൾ **പതിന്മടങ്ങ്** പ്രചാരണ ശക്തിയുണ്ട് – ചൈനീസ് പഴമൊഴി – A Picture is worth a thousand words - (ഒരു ചിത്രം ആയിരം വാക്കുകളേക്കാൾ വിലയേറിയതാണ്)

കത്തുകളിൽ പതിക്കുന്ന സ്റ്റാമ്പുകളിലേയും അവയിലെ **മുദ്രകളിലേയും** ചിത്രങ്ങൾ **ചിത്രശലഭങ്ങളെപ്പോലെ** ലോകത്തിന്റെ നാനാഭാഗ ത്തേക്കും പറന്നെത്തുകയും അവയിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള സന്ദേശങ്ങൾ നല്കുകയും ചെയ്യുന്നു. **അവ വാക്കുകളേക്കാൾ വാചാലമാണ്.**

വർഷംതോറും ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ സ്റ്റാമ്പ് എക്സിബിഷൻ നടത്തുമ്പോൾ കേരളത്തിൽ അനുവദിച്ച പ്രത്യേക റദ്ദാക്കൽ മുദ്ര പ്രദർശിപ്പിക്കപ്പെടുന്നു. വിദേശങ്ങളിലെ സ്റ്റാമ്പ് എക്സി ബിഷനുകളിൽ ഇന്ത്യൻ സ്റ്റാളിൽ സ്പെഷൽ കാൻസലേഷൻ വിഭാഗത്തിൽ എല്ലാ സംസ്ഥാനങ്ങളിലും അനുവദിച്ചിട്ടുള്ള പ്രത്യേക റദ്ദാക്കൽമുദ്ര പ്രദർശിപ്പിക്കപ്പെടുന്നു.

**APPENDIX 7**

# ഇടവകയുടെ ചരിത്രം

പാവറട്ടിഗ്രാമത്തിൽ ഉൾപ്പെട്ട വെന്മേനാട്ടിലെ പുരാതന ക്ഷേത്രപരിസരത്തിൽ ആദിമ നൂറ്റാണ്ടിൽ ഹൈന്ദവ കുടുംബങ്ങളും ക്ഷേത്ര പൂജാരികളും മറ്റും താമസിച്ചിരുന്നു. വർഷംതോറും അവർ ക്ഷേത്ര പൂജാകർമ്മാനുഷ്ഠാനങ്ങൾക്കും പിതൃതർപ്പണബലിക്കുമായി കർക്കിടക സംക്രാന്തി ദിനത്തിൽ പാലയൂരിലെ ക്ഷേത്രക്കുളത്തിൽ - തളിയക്കുളത്തിൽ - പിതൃതർപ്പണ ബലി നടത്തുന്നതിന് ഇവിടെ നിന്നും (വെന്മേനാട് ക്ഷേത്രപരിസരം) പാലയൂരിലേയ്ക്ക് പോവുക പതിവായിരുന്നു. അന്ന് പാലയൂരിലെ അമ്പക്കുളത്തിൽ കുളിച്ച് അവരവരുടെ മൺമറഞ്ഞ പിതാക്കന്മാർക്കും പൂർവ്വീകർക്കും വിശേഷ പൂജാനുഷ്ഠാനങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ തോമാസ്ശ്ലീഹ തളിയക്കുളത്തിൽവെച്ച് പ്രവർത്തിച്ച അത്ഭുത ദൃശ്യത്താൽ സ്തബ്ദരായി പൂജാനുഷ്ഠാനങ്ങൾ പൂർത്തീകരിക്കാതെ അവർ സ്വദേശത്തേയ്ക്ക് ഇനിയത്തെക്കുളി വെന്മേനാട് എന്ന് പറഞ്ഞ് തിരിച്ചുപോരുകയുണ്ടായി.

അന്യദേശത്തുവെച്ച് അനുഭവപ്പെട്ട ആകസ്മിക അത്ഭുത ദൃശ്യത്താൽ പരിഭ്രാന്തരായവർ ഭയവിഹ്വലരായി അവിടെനിന്നും പാലായനം ചെയ്തപ്പോൾ സ്വാഭാവികമായും ജന്മദേശമായ വെന്മേനാട്ടിലേയ്ക്ക് തിരികെ പോന്നു. ഇനിയത്തെക്കുളി വെന്മേനാട് എന്ന് പറഞ്ഞ് തിരികെ പോന്നതിനാൽ വെന്മേനാട്ടുകാർ സ്വദേശത്തേയ്ക്ക് തിരിച്ചുപോന്നു എന്ന് നിസ്സംശയം പറയാവുന്നതാണ്.

പാലയൂരിൽ നിന്നും വെന്മേനാട്ടിലേയ്ക്ക് തിരിച്ചുപോരുമ്പോൾ ഇവിടെനിന്ന് പോയവർ എല്ലാവരും അവരവരുടെ ബന്ധുമിത്രാദികളോടൊത്തായിരിക്കണം സ്വദേശത്തേയ്ക്ക് മടങ്ങിയത്. സ്വന്തം കണ്ണുകളാൽ ദർശിച്ച അത്ഭുതദൃശ്യത്തിൽ നിന്ന് ഉളവായ ആന്തരീക ആത്മീയ പ്രചോദനത്താൽ വിശ്വാസം ഉൾക്കൊണ്ടവരിൽ ചിലർ മാർതോമാശ്ലീഹായിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുകയും അത്ഭുതദൃശ്യത്താൽ വിശ്വാസം ജനിച്ചെങ്കിലും ജ്ഞാനസ്നാനം സ്വീരിക്കാൻ വിസ്സമതിച്ചവരും സംശയാലുക്കളായ അൽപവിശ്വാസികളും അവിശ്വാസികളും പാലൂരിൽ നിന്ന് മടങ്ങിയവരിൽ ഉണ്ടായിരുന്നിരിക്കും. കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന അക്കാലത്ത് പാലയൂരിൽ നിന്ന് തിരിച്ചെത്തിയ അവർ ഓരോരുത്തരും അവരവരുടെ സ്വമനസ്സാക്ഷിയുടെ ഉൾപ്രേരണയ്ക്കനുസൃതമായ വിശ്വാസ ബോധ്യങ്ങൾ പ്രകടമാക്കാൻ ധൈര്യപ്പെടാതെ അന്നത്തെ വ്യവസ്ഥിതിയിൽ തന്നെ തുടർന്നുപോന്നു. കാലക്രമത്തിൽ അനിവാര്യമായ കൂട്ടുകുടുംബം വക സ്ഥാവരജംഗമവസ്തുക്കൾ തലമുറയിലെ അവകാശികൾക്ക് ഭാഗം ചെയ്ത് വേർപിരിഞ്ഞ് പുതിയ കുടുംബങ്ങൾ രൂപപ്പെട്ടപ്പോൾ അവരവരുടെ സ്വതന്ത്രമായ വിശ്വാസബോധ്യങ്ങൾക്കനുസരിച്ച് ജീവിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് ലഭിക്കുകയും ചെയ്തു. തുടർന്ന് കൂടുതൽ കുടുംബങ്ങൾ ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തീയ വിശ്വാസജീവിതക്രമങ്ങൾക്കനുസൃതമായ ജീവിതം നയിക്കുന്നതിനുള്ള ആർജ്ജവം കൈവരിക്കുകയും അവർ പാവറട്ടിയിലും പരിസരപ്രദേശങ്ങളിലും വിന്യസിക്കപ്പെടുകയും ചെയ്തു. പാലയൂരിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചവരും കാലക്രമത്തിൽ വെന്മേനാടും പരിസരപ്രദേശങ്ങളിലുമായി അധിവസിക്കുകയും ചെയ്ത ക്രിസ്തീയ സമൂഹമാണ് പാവറട്ടിയിലെ ആദിമ ക്രൈസ്തവർ. തിരുകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനും കൂദാശസ്വീകരണത്തിനുമായി ഈ പ്രദേശത്തെ വിശ്വാസികൾ പാലയൂർ പള്ളിയിലേയ്ക്ക് പോകുക പതിവായിരുന്നു. അങ്ങനെ പാലയൂരിന്റെ സമീപ പ്രദേശമായ പാവറട്ടിയിലും പരിസര പ്രദേശങ്ങളിലും ആദ്യ നൂറ്റാണ്ടിൽതന്നെ ക്രിസ്തുമതം സ്വീകരിച്ചവർ അധിവസിച്ചിരുന്നു.

PAVARATTYSHRINE.COM

പാലയൂരിനടുത്ത പാവറട്ടിയിലെ വിശ്വാസപ്രഭയേറ്റ പൂർവ്വക്രിസ്ത്യാനി സമൂഹത്തെ സന്ദർശിക്കുന്നതിനും കൂടുതൽപേർക്ക് ജ്ഞനസ്നാനം നൽകുന്നതിനും അവരിൽ ചിലരെ പുരോഹിതരായും മതമേലദ്ധ്യക്ഷന്മാരായും അവരോധിക്കുന്നതിനും മറ്റുമായി ഒരുപക്ഷേ മാർതോമാശ്ലീഹാ ഈ ദേശം സന്ദർശിച്ചിട്ടുണ്ടാകാം.

പിൽക്കാലത്ത് കൊച്ചിരാജാവിന്റെ അതിർത്തിപ്രദേശമായിരുന്ന പാലയൂരിൽ കൊച്ചി സാമൂതിരി രാജാക്കന്മാരുടെ നിരന്തരയുദ്ധങ്ങൾ പാലയൂർപ്രദേശത്തെ ജനസമൂഹത്തെ സുരക്ഷിതമായ സ്ഥലങ്ങളി ലേക്ക് കുടിയേറിതാമസിക്കുവാൻ നിർബന്ധിതരാക്കി. അരക്ഷിതത്വം മൂലം അവിടം വിട്ടുപോന്നവരിൽ ഒരു വിഭാഗം പാവറട്ടിയിലും പരിസരപ്രദേശങ്ങളിലും എത്തിച്ചേരുകയും നമ്മുടെ പൂർവ്വികർക്കൊപ്പം ഇവിടെ താമസമാക്കുകയും ചെയ്തത് ഇവിടുത്തെ വിശ്വാസികളുടെ എണ്ണത്തിലുള്ള വർദ്ധനവിന് കാരണമായി.

പാവറട്ടിയിലെ ക്രൈസ്തവ സമൂഹത്തിന്റെ വിപുലീകരണത്തിനിടയാക്കിയ മറ്റൊരു ചരിത്രസംഭവമാണ് ടിപ്പുസുൽത്താന്റെ പടയോട്ടം. ടിപ്പുവിന്റെ പടയോട്ടത്തിൽ ചാവക്കാടും ടിപ്പുവിന്റെ അധീനതയിലായി. ചേറ്റുവയിൽ കോട്ട പണിയുകയും സേനാനായകനായി തന്റെ മരുമകൻ ഖാൻ സാഹിബിനെ നിയമിച്ച് സൈന്യവ്യൂഹത്തെ വിന്യസിക്കുകയും ചെയ്തു. ടിപ്പുവിന്റെ പടയോട്ടത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടിവന്ന പാലയൂരിലെ അനേകം കുടുംബങ്ങൾ അവിടെ നിന്നും നാനാ ദിക്കുകളിലേക്ക് പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. ക്രൈസ്തവർ സൗഹാർദ്ദത്തോടും സുരക്ഷിതത്വത്തോടും കൂടി സമൂഹമായി കഴിഞ്ഞിരുന്ന പാവറട്ടിയിലേക്കും പരിസരപ്രദേശങ്ങളിലേക്കും അനേകം കുടുംബങ്ങൾ കുടിയേറി പാർക്കുന്നതിനിടയായി. തൽഫലമായി കാലാനുസൃതമായി ഉണ്ടാകാവുന്ന കുടുംബങ്ങളുടെ വർദ്ധനവിനേക്കാൾ വേഗത്തിൽ ചരിത്രപരമായ സംഭവവികാസങ്ങൾ ഈ പ്രദേശത്തെ ക്രൈസ്തവസമൂഹത്തിന്റെ വളർച്ച ദ്രുതഗതിയിലാകുന്നതിനിടയായി.

നമ്മുടെ പൂർവ്വികർ പാലയൂർ പള്ളിയുമായി അവിഭാജ്യമായ ബന്ധം തുടർന്നുപോന്നുകൊണ്ടിരിക്കയിൽ നൂറ്റാണ്ടുകൾക്കുശേഷം ചിറ്റാട്ടുകര ഇടവക സ്ഥാപിതമായതോടെ ഇവിടത്തുകാരിൽ ഒരു വിഭാഗം വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതിന് ചിറ്റാട്ടുകരപള്ളിയിൽ

പോകുക പതിവായിരുന്നു. അന്ന് ചിറ്റാട്ടുകര പ്രസിദ്ധമായ ഒരു വ്യാപാരകേന്ദ്രമായിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ മാർക്കറ്റ് ഉൾപ്പെട്ട ചിറ്റാട്ടുകര അങ്ങാടിയും ചന്തയും അവിടെ ഉണ്ടായിരുന്നു.

ചിറ്റാട്ടുകരയിൽ റോഡിന്റെ ഇരുവശത്തും അടുത്തടുത്തായി കുടുംബങ്ങൾ തിങ്ങിനിറഞ്ഞ് താമസിക്കുകയും താമസസ്ഥലത്തോടൊപ്പം കച്ചവടസ്ഥാപനങ്ങളും അവയോടനുബന്ധിച്ച് വലുതും ചെറുതുമായ വ്യാപാര-കട-കമ്പോളങ്ങളും ചന്തയും അക്കാലത്ത് അവിടെയുണ്ടായിരുന്നതിനാൽ നിത്യോപയോഗ സാധനങ്ങൾക്ക് പരിസര പ്രദേശത്തെ ജനങ്ങൾ ചിറ്റാട്ടുകര അങ്ങാടിയെ ആണ് ആശ്രയിച്ചിരുന്നത്. പുരാതനകാലത്ത് താരതമ്യേന ജനനിബിഡമല്ലാത്ത അയൽ പ്രദേശങ്ങളേക്കാൾ സാമ്പത്തികമായി അഭിവൃദ്ധി പ്രാപിച്ച പ്രദേശമായിരുന്നു ചിറ്റാട്ടുകര.

1877 ൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളിലെ പരാമർശങ്ങൾ ഇത് വ്യക്തമാക്കുന്നു. പ്രസ്തുത ആധാരത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് അന്ന് ചിറ്റാട്ടുകര ''ചിറ്റാട്ടൂര'' എന്നാണ് അറിയപ്പെട്ടിരുന്നത്. *മേൽ കാണിച്ച മുദ്രപത്രത്തിൽ മുദ്രപത്രം വേണ്ടർ രങ്കപ്പൻ എഴുതിയിരിക്കു ന്നത് ''ബ്രഹ്മക്കുളം അംശം, ചിറ്റാട്ടൂര നഗരം വേണ്ടർ രങ്കപ്പൻ'' എന്നാണ്. ഇതിൽ നിന്നും അന്ന് ചിറ്റാട്ടുകര ഇന്നത്തെ പട്ടണത്തിന് സമാനമായ നഗരത്തിന്റെ പദവിയിലായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. കേവലം കൃഷിക്കാരായിരുന്ന നമ്മുടെ പൂർവ്വീകരോട് അവർക്ക് അന്നുണ്ടായിരുന്ന മനോഭാവം എന്തായിരുന്നെന്ന് ഊഹിക്കാവുന്നതാണ്. മുദ്രണം ചെയ്ത രൂപതാകല്ലന്താരി ക്രമങ്ങളിലുംചിറ്റാട്ടുകരയെ ചിറ്റാട്ടൂര/ചിറ്റാട്ടൂർ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ചിറ്റാട്ടുകര ഇടവകയിൽ ഉൾപ്പെട്ടിരുന്ന പാവറട്ടിയിലെ നമ്മുടെ പൂർവ്വികരിൽ ഒരു വിഭാഗം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ ഞായറാഴ്ചകളിലും മറ്റു കടമുള്ള ദിവസങ്ങളിലും ചിറ്റാട്ടുകരപള്ളിയിൽ എത്തുമ്പോഴേക്കും അവിടുത്തെ തിരുക്കർമ്മങ്ങൾ അവസാനിച്ചിരിക്കും. ഈ പ്രതിസന്ധി തരണം ചെയ്യുവാനായി ഇവിടുത്തെ കാരണവന്മാർ ചിറ്റാട്ടുകര പള്ളി നടത്തിപ്പുകാരോട് തിരുക്കർമ്മങ്ങളുടെ സമയം അൽപം വൈകിച്ചാൽ നന്നായിരുന്നു എന്ന് നിരന്തരം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നിഷേധാത്മകനയം തുടർന്നു എന്നു മാത്രമല്ല, മഴക്കാലത്ത് ഓലക്കുടയും ചൂടി ചിറ്റാട്ടുകര പള്ളിയിൽ എത്തിയിരുന്ന പാവറട്ടിക്കാരോട് വളരെ പുച്ഛമായി പെരുമാറുകയും ചെയ്തിരുന്നു.

1876 ലെ ഓശാന ഞായറാഴ്ചയിലെ വേദനാജനകമായ അനുഭവമാണ് വാസ്തവത്തിൽ പാവറട്ടി ഇടവക ദേവാലയസ്ഥാപന ത്തിന് ഒരു പ്രധാന കാരണം. ഓശാന തിരുക്കർമ്മങ്ങളെങ്കിലും ഒരൽപം വൈകി തുടങ്ങണമെന്നുള്ള ഇവിടുത്തുകാരുടെ അഭ്യർത്ഥന മാനിക്കാതെ ചിറ്റാട്ടുകരക്കാർ പതിവുപോലെ നേരത്തെത്തന്നെ തിരുക്കർമ്മങ്ങളാരംഭിച്ചിരുന്നു. ഇന്നാട്ടുകാർ അവിടെ എത്തു മ്പോഴേക്കും ഓശാന തിരുക്കർമ്മങ്ങൾ ഏകദേശം കഴിയാറായി. കടുത്ത അവഗണന അനുഭവിക്കേണ്ടിവന്ന നമ്മുടെ പൂർവ്വികർ ഈ പ്രദേശത്ത് തിരിച്ചെത്തി. പാവറട്ടി കവലയ്ക്കടുത്ത്, പാലയൂർ പള്ളിയുടെ സ്വന്തമായിരുന്ന സ്ഥലത്ത് ഒത്തുകൂടി. ആ യോഗത്തിലെ തീരുമാനമായിരുന്നു, എന്തു ത്യാഗം സഹിക്കേണ്ടി വന്നാലും പെസഹാ വ്യാഴാഴ്ച ഇന്നാട്ടിൽ തന്നെ തിരുക്കർമ്മങ്ങൾ നടത്തണമെന്നത്. ഈ നിശ്ചയം സാക്ഷാത്കരിക്കുവാൻ ഒരു പ്രതിനിധിസംഘം പാലയൂരിലേക്കു പോകുകയും ചെയ്തു.

PAVARATTYSHRINE.COM

അന്ന് പള്ളികൾ (ദേവസ്ഥാനങ്ങൾ) ജന്മം തീറാവകാശം ഉള്ള സ്ഥലങ്ങളിൽ മാത്രമേ നിർമ്മിക്കുവാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ. പാവറട്ടിയിൽ പാലയൂർ പള്ളിക്ക് ജന്മാവകാശം ഉണ്ടായിരുന്ന ഭൂമിയിൽ ഒരു പള്ളി പണിയുന്നതിന് അവിടെ നിന്ന് അനുവാദം ലഭിച്ചു. പള്ളിപ്പണിക്ക് അനുവാദം ലഭിച്ച പ്രസ്തുത സ്ഥലത്ത് നാട്ടുകാരുടെ അശ്രാന്ത പരിശ്രമഫലമായി താല്ക്കാലികമായി പനമ്പ് കൊണ്ട് മറച്ച ഒരു ദേവാലയം നിർമ്മിച്ചു. 1876 ഏപ്രിൽ 13-ാം തിയ്യതി (അന്നത്തെ പസഹാ വ്യാവാഴ്ച) ഈ ദേവാലയം വിശുദ്ധീകരിക്കുകയും തിരുകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

കേരള ക്രൈസ്തവസഭ ഒരു വലിയ പ്രതിസന്ധി നേരിട്ടിരുന്ന 1874 ൽ ഒരു കൽദായ മെത്രാനെ കിട്ടേണ്ട കാര്യത്തിൽ എല്ലാവർക്കും ഏക അഭിപ്രായമായിരുന്നതിനാൽ ജനപ്രതിനിധികളുടെ ഒപ്പോടു കൂടിയ പല ഹർജികളും പാത്രിയാർക്കിസിന് അയക്കുകയുണ്ടായി. കൂടാതെ പല തനി ഹർജികളും എഴുത്തുകളും മേലൂസ് മെത്രാന്റെയും മറ്റും പേർക്കായി പല വൈദികരും അയക്കുകയുണ്ടായി. മലയാള നാട്ടിലെ സഭാഭരണാധികാരം സ്വാധികാരത്തിൽ ഉൾപ്പെടുത്തേണ്ടതിനായി വിഫല ശ്രമം ചെയ്തിരുന്ന പാത്രിയാർക്കിസ് സംതൃപ്തനായി മെസപ്പൊട്ടോമിയായിലെ ആക്ര (Akra) യിൽ അക്കാലത്ത് മെത്രാനായിരുന്ന മാർ ഏലിയാമേലൂസ് (Mar Elia John Mellus) നെ ഇക്കാര്യ ത്തിനായി തെരഞ്ഞെടുത്തു. കേരളത്തിലെ സഭാഭരണം ബാബേൽ പാർത്രിയാർക്കിസിന്റെ കീഴിലാക്കുന്നതിന് വത്തിക്കാൻ സൂനഹദോസിൽ ശ്രമിച്ച കൽദായ മെത്രാന്മാരിൽ പ്രമുഖൻ മേലൂസായിരുന്നു. ഇവിടെയെത്തുവാൻ ആഗ്രഹിച്ചിരിക്കെയാണ് അതിനുള്ള പാത്രിയാർക്കിസിന്റെ കല്പന അദ്ദേഹത്തിന് കിട്ടിയത്. മേലൂസ് കത്തുമൂലം ഈ വിവരം ഇവിടെ അറിയിക്കുകയും അദ്ദേഹ ത്തിന് ഇവിടേക്ക് എത്തുവാൻ യാത്രയ്ക്കുവേണ്ട പണം അയച്ചുകൊടുക്കു കയും ചെയ്തു. അദ്ദേഹത്തെ ബോംബെയിൽ വച്ച് സ്വീകരിക്കുന്നതിനായി പീലിപ്പോസ് അസൈസും മറ്റു ചില വൈദികരും അവിടെ എത്തുകയുണ്ടായി. ബോംബയിലെ വികാരി അപ്പസ്തോലികയായ ലിയോ മെർവിൻ (Leo Meurin) മേലൂസ് മെത്രാനോട് ശീശ്മയുണ്ടാക്കാതെ മടങ്ങി പ്പോകണമെന്ന് അഭ്യർത്ഥിച്ചു. എന്നാൽ മേലൂസ് ആ അഭ്യർത്ഥന നിരാകരിച്ചു. ഉടനെ ലിയോ മെർവ്വിൻ ഈ വിവരങ്ങളെല്ലാം കമ്പി മാർഗ്ഗം വരാപ്പുഴ മെത്രാപ്പോലീത്തായെ അറിയിക്കുകയും ഈ ശീശ്മ മെത്രാന്റെ പ്രവേശനം ബലമായി തടയുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. എങ്കിലും 1874 ഒക്ടോബർ 2-ാം തിയതി മേലൂസ് ഇവിടെ വന്നുചേർന്നു. റോക്കോസ് ശീശ്മയോട് യുദ്ധം ചെയ്ത പോലെ ഇതിനെതിരായും യുദ്ധം ചെയ്യണമെന്ന് ലെയോനാർദ്ദ് മെത്രാപ്പോലീത്ത ആഹ്വാനം ചെയ്യുകയും അതിനായി എൽത്തുരുത്ത് ആശ്രമത്തിന്റെ വികാരിയായിരുന്ന കാപ്പിൽ മത്തായി മറിയം അച്ചനെ ചുമതല പ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് കട്ടക്കയത്ത് ചാണ്ടിയച്ചൻ,

പാലാകുന്നേൽ ചാക്കോച്ചൻ മുതലായ കർമ്മലീത്ത സന്യാസികളും മറ്റുപലരും ഈ ശീശ്മയോട് എതിർത്തുപ്രവർത്തിച്ചു. എങ്കിലും സുറിയാനി മെത്രാന്റെ പേരിൽ ജനസഞ്ചയത്തിനുണ്ടായിരുന്ന ആഗ്രഹവും സുറിയാനി മെത്രാനുണ്ടാകുന്ന കാര്യത്തിൽ വരാപ്പുഴ അധികാരികൾ പ്രതികൂലികളായിരുന്നതിനാലും മേലൂസ് മാർപാപ്പയിൽ നിന്നുളള അധികാരത്തോടുകൂടിയാണ് വന്നിരിക്കുന്നതെന്ന തെറ്റിദ്ധാരണാ ജനകമായ പ്രസിദ്ധീകരണങ്ങൾ മൂലവും ചില പള്ളികളെല്ലാം ഈ ശീശ്മയിൽ ചേരുവാനിടയായി. റോക്കോസ് ശീശ്മയുടെ പര്യവസാനത്തെപ്പറ്റി നല്ല ബോധമുണ്ടായിരു ന്നതുകൊണ്ട് ഇതിൽ ചേരുവാൻ ജനങ്ങൾക്ക് അത്രതന്നെ ധൈര്യമുണ്ടായിരുന്നില്ല. അന്ന് പദ്രുവാദോ ഭരണത്തിൻകീഴിൽ നിന്നിരുന്ന പാലയൂരിൽ ഒരു വിഭാഗം ഈ ശീശ്മയിൽ ചേരുവാനിടയായി. അന്ന് വരാപ്പുഴ ഭരണത്തിലും, പദ്രുവാദോഭരണത്തിലും ഉൾപ്പെട്ടിരുന്ന ചിറ്റാട്ടുകരയിൽ ഒരു വിഭാഗം ഗോവാഭാഗം ശീശ്മയിലും ആയിരുന്നു. ചിറ്റാട്ടുകര പള്ളി ശീശ്മക്കെതിരെ തെക്കേമലയം (സൗത്ത് മലബാർ) സബ്കോടതി (കേസ് നമ്പർ : 1875/35) പ്രകാരം കോഴിക്കോട് ജില്ലാ കോടതിയിൽ കേസു നല്കുകയും തുടർന്ന് മദ്രാസ് ഹൈക്കോടതിയിൽ (കേസ് നമ്പർ : 1876/496) പ്രകാരം അപ്പീൽ നല്കുകയും 1877 ൽ പള്ളിക്ക് അനുകൂലമായ വിധി ഉണ്ടാവുകയും ശീശ്മ പരാജയപ്പെടുകയും 1675 രൂപ പിഴ തുക ഒടുക്കുവാൻ വിധിയുണ്ടാവുകയും ചെയ്തു. തുടർന്ന് ചിറ്റാട്ടുകര പള്ളിയും, മറ്റു പള്ളികളും ഔദ്യോഗിക വിഭാഗത്തിൽ തിരിച്ചെത്തുകയും ചെയ്തു. വൈദികമേലദ്ധ്യക്ഷന്മാരുടേയും സന്യസ്തരുടേയും നേതൃത്വത്തിലുളള വൈദിക- അത്മായവൃന്ദം ആത്മീയ പ്രവർത്തനങ്ങളിലൂടെയും കോടതി വിധികളിലൂടെയും മേലൂസ് ശീശ്മയെ പരാജയപ്പെടുത്തി.

1874 ൽ കേരളത്തിൽ എത്തിയ മേലൂസ് 2 കൊല്ലങ്ങൾക്കുശേഷം 1876 ൽ മഹറോൻ ചൊല്ലപ്പെടുകയും പള്ളിക്കയ്യേറ്റത്തിന് വരാപ്പുഴ ബിഷപ്പ് മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ മേലൂസ് പരാജിതനാവുകയും മനസ്സ് മടുത്ത അദ്ദേഹം സ്വദേശത്തേക്ക് മടങ്ങിപ്പോവുകയും ചെയ്തു.

പാവറട്ടി പള്ളി സ്ഥാപിതമായ 1876 ൽ ആണ് മേലൂസ് മെത്രാനെ മഹറോൻ ചൊല്ലി യത്. ആയതിനാൽ പാവറട്ടിപള്ളി സ്ഥാപിച്ചത് മേലൂസ് ശീശ്മയുടെ അധീനതയിലായിരിക്കാൻ സാധ്യതയില്ല.

ചിറ്റാട്ടുകരപള്ളി അന്ന് വരാപ്പുഴ, പദ്രുവാദോ, ഗോവാവിഭാഗം, ശീശ്മ എന്നീ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നു. അക്കാലത്ത് പാലയൂർ പള്ളിയിലെ ഒരു വിഭാഗം ശീശ്മയിൽ ചേരുവാനിടയായിട്ടുണ്ട്. പാവറട്ടി ദേവാലയം സ്ഥാപിക്കാനിടയായ അന്നത്തെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ പൂർവ്വീകർ ശീശ്മയുടെ സഹായവും ഉപയോഗപ്പെടുത്തിയിരുന്നിരിക്കാം.

പനമ്പുകൊണ്ട് നിർമ്മിക്കപ്പെട്ട ദേവാലയത്തിനു സമീപത്ത് സ്ഥിരമായ ദേവാലയ നിർമ്മാണത്തിനുള്ള ഇന്നാട്ടുകാരുടെ പരിശ്രമങ്ങൾ തുടരുകയും താൽക്കാലികമായി നിർമ്മിച്ച പ്രഥമ ദേവാലയത്തിന് തെക്കുഭാഗത്ത് (ഇപ്പോൾ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്ത്) ഒരു വർഷത്തിനുശേഷം പോർച്ചുഗീസ് മാതൃകയിലുളള ദേവാലയനിർമ്മാണത്തിന് ഔദ്യോഗിക അംഗീകാരം ലഭിക്കുകയും 1877 ൽ ദേവാലയനിർമ്മാണം ആരംഭിക്കുകയും ചെയ്തു.

PAVARATTYSHRINE.COM

1943 ലേയും 1944ലേയും രൂപതാകല്ലന്താരിക്രമങ്ങളിൽ പാവറട്ടി പള്ളി സ്ഥാപനകാലമായി രേഖപ്പെടുത്തിയിരിക്കുന്നത് 1877 എന്നും 1952 ലേയും 1953 ലേയും പ്രസ്തുതരേഖകളിൽ 1887 എന്നുമാണ്. 1876 ൽ അനൗദ്യോഗികമായി ആരംഭിച്ച നമ്മുടെ ഇടവകദേവാലയത്തിന് ഔദ്യോഗികാംഗീകാരം ലഭിച്ചത് 1877 ലായതിനാലാകാം 1877 സ്ഥാപനവർഷമായി രേഖപ്പെടുത്തിയതെന്നും പിൽക്കാലങ്ങളിൽ സ്ഥാപനവർഷം 1887 എന്ന് തെറ്റായി രേഖപ്പെടുത്തുവാനിടയായത് അച്ചടിപ്പിശക് മൂലമാണെന്നും കരുതുന്നു.

പുരാതനകാലത്ത് ഈ നാട്ടിലെ ഭൂരിഭാഗം ജനങ്ങളുടെ അന്നത്തെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയായിരുന്നു. കാലാവസ്ഥയെ ആശ്രയിച്ചുളള കൃഷി രീതിയാണ് അന്ന് നിലവിലുണ്ടായിരുന്നത്. സമൃദ്ധമായ വിളവ് നല്കുന്ന കേരകൃഷിയായിരുന്നു അവയിൽ പ്രധാനം. കൂടാതെ താഴ്ന്നപ്രദേശങ്ങളിൽ വെളളം ക്രമീകരിക്കാവുന്ന പാടങ്ങളിൽ കാലവർഷത്തെ ആശ്രയിച്ച് നെൽകൃഷിയും വേനൽക്കാലത്ത് പാടങ്ങളിൽ എളളും കൃഷി ചെയ്തിരുന്നു. കാലക്രമത്തിൽ നെൽകൃഷി ആദായകരമല്ലാ തിരുന്നതിനാൽ നെൽപ്പാടങ്ങൾ തെങ്ങ് കൃഷിക്ക് ഉപയോഗപ്പെടുത്തി. കേരകൃഷിയോടനുബന്ധിച്ച് ഈ നാട്ടുകാരുടെ അന്നത്തെ മുഖ്യ തൊഴിൽ കേര ഉത്പന്നങ്ങൾ സംസ്കരിച്ച് ഉപയോഗപ്പെടുത്തുന്നതിൽ കേന്ദ്രീകരിച്ചായിരുന്നു. അങ്ങനെ അവരിൽ നല്ലൊരു വിഭാഗം എണ്ണയാട്ടും ചകിരിതല്ലും കയറുപിരിക്കലും തൊഴിലായി സ്വീകരിച്ചു. വെളിച്ചെണ്ണയും എളെളണ്ണയും കയറുല്പന്നങ്ങളും കനോലി കനാൽ വഴി കൊച്ചിയിൽ കൊണ്ടുപോയി വ്യാപാരം ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ കൊച്ചിയുമായി പുരാതനകാലം മുതൽ ഇന്നാട്ടുകാർക്ക് വ്യാപാരബന്ധം ഉണ്ടായിരുന്നു.

**പുരാതന ഇടവക കപ്പേളയിൽ 1877ൽ നിർമ്മിച്ച ഇടവക ദേവാലയവും**

പാവറട്ടിയിലെ പുരാതന പ്രഥമ ദേവാലയം ഇന്നത്തെ നമ്മുടെ പള്ളിയുടെ വടക്കുവശത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. 1876 ഏപ്രിൽ 13-ാം തിയതി (അന്നത്തെ പെസഹാ വ്യാഴാഴ്ച) ദേവാലയം വിശുദ്ധീകരിച്ച് തിരുക്കർമ്മങ്ങൾ നടത്തുകയും ചെയ്തു. പനമ്പുകൊണ്ട് നിർമ്മിച്ച താല്കാലിക ദേവാലയത്തിന്റെ സ്ഥാനത്ത് ഭിത്തി കെട്ടി ഓടിട്ട ഒരു ചെറിയ കപ്പേള താമസംവിനാ നിർമ്മിച്ചു. പ്രസ്തുത കപ്പേളയിൽ ബലിയർപ്പണത്തിനുള്ള ബലിപീഠത്തി നോടനുബന്ധിച്ചുണ്ടായിരുന്ന പരിമിതമായ സ്ഥലം ഇടവകാംഗങ്ങൾക്ക് ബലിയിൽ സംബന്ധിക്കുന്നതിന് അപര്യാപ്തമായിരുന്നു.

ബഹു. ചിറയത്ത് ദേവസ്സി കത്തനാരുടെ നേതൃത്വത്തിൽ അന്നത്തെ പ്രശസ്തരായ തച്ചുശാസ്ത്രവിദഗ്ധരായ മുഴുക്കൂട്ടത്തെ തച്ചന്മാരെയാണ് പള്ളിപണിയാൻ ചുമതലപ്പെടുത്തിയിരുന്നത്. അന്നത്തെ കൈക്കാരന്മാരുടേയും യോഗഭാരവാഹികളുടെയും മേൽനോട്ടത്തിൽ പള്ളിപ്പണി തുടങ്ങുകയും ഇടവകാംഗങ്ങളുടെ സർവ്വതോന്മുഖമായ സഹകരണവും സാന്നിദ്ധ്യവും പ്രയത്നവും മൂലം പള്ളിപ്പണി

പുരോഗമിക്കുകയും 1877 ൽ തുടങ്ങിയ ദേവാലയനിർമ്മാണം മൂന്ന് വർഷം കൊണ്ട് 1880 ൽ പൂർത്തീകരിക്കുകയും ചെയ്തു.

അന്ന് പൊതുവേ സ്വീകാര്യമായിരുന്ന പോർച്ചുഗീസ് മാതൃകയിലാണ് പ്രസ്തുത ദേവാലയം നിർമ്മിക്കപ്പെട്ടത്. ഈ ദേവാലയത്തിന്, ആദ്യം പണി തീർന്നപ്പോൾ കിഴക്കു പടിഞ്ഞാറായി നീളത്തിലുള്ള ഒരു ഹാൾ മാത്രമാണ് ഉണ്ടായിരുന്നത്. ഹാളിന്റെ പടിഞ്ഞാറുഭാഗത്ത് കിഴക്കോട്ട് അഭിമുഖമായി പൂർവ്വികർ അന്ന് നിർമ്മിച്ച ഇന്ന് കാണുന്ന പ്രധാനബലിപീഠവും പ്രധാന ബലിപഠീത്തിൽ നിന്ന് കിഴക്കോട്ട് നീങ്ങി രണ്ട് വശങ്ങളിലായി രണ്ട് ചെറിയ അൾത്താരകളും ഉണ്ടായിരുന്നു. ഇതിൽ തെക്കുഭാഗത്ത് തിരുഹൃദയത്തിന്റെ അൾത്താരയും, വടക്കുഭാഗത്ത് വ്യാകുല മാതാവിന്റെ അൾത്താരയും അങ്ങനെ മൊത്തം മൂന്ന് അൾത്താരകൾ പുരാതന ദേവാലയത്തിലുണ്ടായിരുന്നു. ഇതിനുപുറമേ ഹാളിന്റെ നടുവിലായി തെക്കുഭാഗത്തെ ചുമരിനോട് ചേർന്ന് തിരുഹൃദയത്തിന്റെ ഒരു രൂപക്കൂടും ഉണ്ടായിരുന്നു.

പഴയ പള്ളിയുടെ മുകളിൽ നിന്നും കിഴക്കു പടിഞ്ഞാറായി നീള ത്തിൽ വിവിധ വർണ്ണ ങ്ങളിലുള്ള മനോഹര മായ വിദേശ നിർമ്മിത മായ രണ്ടുവരി ഗ്ലോബു കളും വൈദ്യുതി ദീപ ങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് ഗ്ലോബുകൾ ക്കിടയിൽ തിരികൾ തെളിയിക്കാവുന്ന ഗ്ലാസ് നിർമ്മിതമായ തൂക്കുവിളക്കുകളും ഉണ്ടായിരുന്നു.

പള്ളിയുടെ നടുവിലായി വടക്ക് ഭാഗത്തെ ചുമരിൽ താഴെ വ്യാളി മുഖവും അതിൽ നിന്ന് ഉയർന്ന പുഷ്പക്കൂടും ഉണ്ടായിരുന്നു. ഈ പുഷ്പക്കൂടിൽ നിന്നാണ് പ്രധാന ദിവസങ്ങളിൽ വൈദികർ പ്രസംഗങ്ങൾ നടത്തിയിരുന്നത്. വ്യാളിയുടെ വായിൽ നിന്ന് സർപ്പത്തെ പ്പോലെ ഉയർന്നുനില്ക്കുന്ന ഒരു ഞെട്ടിൽ വിടർന്ന പുഷ്പം പോലെയുള്ള പ്രസംഗമണ്ഡപമാണ് പുഷ്പക്കൂട്. വിശ്വാസികൾക്ക് പ്രസംഗം ശ്രവിക്കുവാൻ പള്ളിയുടെ നടു ഭാഗത്തുള്ള ഈ സംവിധാനം മൈക്ക് ഇല്ലാതിരുന്ന അക്കാലത്ത് ആവശ്യമായിരുന്നു. ഈ പുഷ്പക്കൂടിലേക്ക് വൈദികൻ പ്രവേശിക്കുന്നത് രണ്ടാം നില യിൽ പുഷ്പക്കൂടിന്റെ പുറകിലായുള്ള ചെറുവാതിലിലൂടെയാണ്. പുഷ്പക്കൂടുകൾ മരത്തിലുള്ള കൊത്തുപണിയും ചിത്രമെഴുത്തും കൊണ്ട് അലംകൃതമായിരുന്നു.

ദേവാലയ നിർമ്മാണം പൂർ ത്തീകരിക്കവേ, ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുസ്വരൂപം പ്രധാന ബലിപീഠത്തിൽ സ്ഥാപിക്കുവാൻ തീരുമാനമായി. തിരുസ്വരൂപങ്ങൾ നിർമ്മി ക്കുന്നതിൽ വിദഗ്ധരും പ്രശസ്തരുമായ കൊച്ചിയിലെ കോഡാർ കമ്പനിയിൽ നിന്നു മാണ് നമ്മുടെ ഇടവക മദ്ധ്യസ്ഥ നായ വിശുദ്ധ യൗസേപ്പിതാ വിന്റെ തിരുസ്വരൂപം നമുക്ക് ലഭിച്ചത്. കൊച്ചിയിലേക്ക് ജലമാർഗ്ഗം പാവറട്ടിയിൽ നിന്നും അയൽപ്രദേശങ്ങളിൽ നിന്നും എണ്ണയും കയറുല്പന്നങ്ങളും സമാഹരിച്ച് കയറ്റുമതി ചെയ്ത് വ്യാപാരം നടത്തിയിരുന്ന ഈ ഇടവകാംഗമായ യശ്ശ. ഒലക്കേങ്കിൽ മാണി എന്ന വ്യക്തിയാണ് 1880 ൽ കൊച്ചിയിലെ കോഡാർ കമ്പനിയിൽ നിന്നും വിശുദ്ധയൗസേപ്പിതാവിന്റെ തിരുസ്വരൂപം നമ്മുടെ ഇടവക ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നതിനായി കൊണ്ടുവന്നത്. സുപ്രസിദ്ധമായ നമ്മുടെ തീർത്ഥ കേന്ദ്രത്തിലെ പ്രഥമഗണനീയ മായ തിരുസ്വരൂപലബ്ധിയിൽ പങ്കാളിയാകാൻ കഴിഞ്ഞ മാണി മുത്തപ്പനെ ഈ അവസരത്തിൽ ആദരവോടെ സ്മരിക്കുന്നു.

PAVARATTYSHRINE.COM

തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തൊഴിലിന് അനിവാര്യഘടകമായ മരത്തിൽ തീർത്ത തിരുസ്വരൂപം നമുക്ക് ലഭിക്കുവാനിടയായത് ഒരു ദൈവീകനിയോഗ സഫലീകരണമാണ്. നിത്യമണവാളനായ, പാണീഗ്രഹണവേളയിൽ തൃക്കൈയിൽ പ്രഫുല്ലമായ ലില്ലിപ്പൂങ്കുലയേന്തി, ശില്പകലാചാതുരിയോടെ നിർമ്മിതമായ നമ്മുടെ പിതാവിന്റെ അത്ഭുതതിരുസ്വരൂപം അന്യാദൃശ്യ മായ സവിശേഷതകളോടു കൂടിയതാണ്. മദ്ബഹാനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവോളം കൊച്ചിയിൽ നിന്നും കൊണ്ടുവന്ന തിരുസ്വരൂപം മാണിമുത്തപ്പന്റെ വസതിയിലെ മുകൾനിലയിലെ മുറിയിലാണ് പൂജ്യമായി സൂക്ഷിച്ചിരുന്നത്. അന്നത്തെ മാണിമുത്തപ്പന്റെ ഈ ഭവനത്തിന്റെ മുൻഭാഗവും മറ്റും കാലാനുസൃതമായി നവീകരിക്കപ്പെട്ടുവെങ്കിലും പുരാതനമായി അദ്ദേഹം നിർമ്മിച്ച വീടും മുകൾ നിലയും മാറ്റങ്ങൾക്ക് വിധേയമാകാതെ നിലനിർത്തിയിരിക്കുന്നു. പ്രസ്തുത വീട്ടിൽ ഇന്ന് താമസിക്കുന്നത് അദ്ദേഹത്തിന്റെ തറവാട് താവഴിയിൽപ്പെട്ട ഒലക്കേങ്കിൽ കുരിയാക്കു മകൻ ജോസാണ്. ദേവാലയ മദ്ബഹാ നിർമ്മാണം പൂർത്തീകരിച്ചതോടെ തിരുസ്വരൂപം മാണി മുത്തപ്പന്റെ വസതിയിൽ നിന്നും ആഘോഷപൂർവ്വം ദേവാലയത്തിലെത്തിച്ച് ഭക്ത്യാദരവോടെ തിരുക്കർമ്മാനുഷ്ഠാന ങ്ങൾക്കു ശേഷം വിശുദ്ധീകരിച്ച് പ്രതിഷ്ഠിച്ചു.

പൂർവ്വികർ അന്ന് നിർമ്മിച്ച ദേവാലയം 1975ൽ പൊളിച്ചുമാറ്റി തൽസ്ഥാനത്ത് ഇന്നുകാണുന്ന വിസ്തൃതമായ ദേവാലയം നിർമ്മിച്ചപ്പോഴും, അടുത്ത കാലത്ത് 2004 ൽ മദ്ബഹാ നവീകരിച്ചപ്പോഴും നമ്മുടെ പൂർവ്വികർ നിർമ്മിച്ച മദ്ബഹായ്ക്കോ തിരുസ്വരൂപങ്ങൾക്കോ യാതൊരുവിധ വ്യതിയാനങ്ങളും വരുത്താതെ അതേപടി പാവനമായി പരിരക്ഷിച്ച് നിലനിർത്തുന്നതിൽ ഇടവകക്കാർ പ്രകടിപ്പിച്ച സ്തുത്യർഹമായ ശുഷ്കാന്തി അഭിനന്ദനാർഹമാണ്. 2004ലെ മദ്ബഹാ നവീകരണത്തിന് വ്യത്യസ്ത രീതിയിലുള്ള - കോൺക്രീറ്റ്, മാർബിൾ, പ്ലാസ്റ്റർ ഓഫ് പാരിസ് - എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാനുകളിൽ നിന്ന് വ്യത്യസ്തമായ മരത്തിലുള്ള മദ്ബഹാ നിർമ്മാണത്തിന് സാധ്യമായത് ഒരു ദൈവീക നിയോഗമായി കരുതപ്പെടുന്നു.

പള്ളിപ്പണിയുടെ സമാപനത്തോടെ ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനും മറ്റ് തിരുനാളുകൾക്കും തിരുനാൾ കൊടി ഉയർത്തുന്നതിനുള്ള പള്ളി കൊടിമരവും കൊടിത്തറയും തിരുമുറ്റത്ത് നിർമ്മിക്കപ്പെട്ടു. അന്നുകാലത്ത് കൊടിത്തറ സ്ഥാപിച്ചിരുന്നത് ഇന്ന് പള്ളിയുടെ മുൻഭാഗത്തെ പടികൾക്കഭിമുഖമായ വഴിയുടെ വലതുവശത്ത് ആയിരുന്നു. (തെക്കുഭാഗം വെടിക്കെട്ട് നടത്തുന്ന സ്ഥലം) പുരാതന കാട്ടുകുളം മനക്കാർ അവരുടെ സ്ഥലം വടുക്കൂട്ട് തറവാട്ടിലെ ഒരു കാരണവർക്ക് കൈമാറുകയും അദ്ദേഹം മന പ്പറമ്പിലുണ്ടായിരുന്ന ആൽത്തറ യുടെ കല്ലുകൾ പള്ളിക്ക്

സംഭാ വന നല്കുകയും ചെയ്തു. പള്ളിക്ക് ലഭിച്ച ഈ ആൽത്തറ യുടെ കല്ലുകൾ ഉപയോഗപ്പെടു ത്തിയാണ് അന്ന് കൊടിത്തറ രൂപകല്പന ചെയ്തത്. (Ref: വടക്കൂട്ട് കുടുംബസമ്മേളന സിൽവർ ജൂബിലി സ്മരണിക. പേജ് 39) അന്നത്തെ കൊടിത്തറ യിലെ കൊടിമരം തേക്ക് തടികൊണ്ട് നിർമ്മിച്ച തായിരുന്നു. മെയിൻ റോഡിനോട് ചേർന്ന് പള്ളിക്ക് വിസ്തൃ തമായ പള്ളിനട ലഭിച്ചപ്പോൾ പള്ളിയോട് അടുത്ത് സ്ഥിതി ചെയ്തിരുന്ന പുരാതന കൊടിത്തറ അവിടെ നിന്നും പൊളിച്ച് ഇന്ന് കൊടിത്തറ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും തേക്ക് കൊടിമരത്തിനുപകരം അനേകം ഉരുക്ക് പൈപ്പുകൾ കൂട്ടി സംയോജിപ്പിച്ച് കൂടുതൽ ഉയരത്തിൽ കൊടി ഉയർത്താനുള്ള സൗകര്യത്തോടുകൂടി പുനർനിർമ്മിക്കപ്പെടുകയും ചെയ്തു.

വടുക്കൂട്ട് കുടുംബാംഗങ്ങൾക്ക് വസ്തു കൈമാറ്റത്തിലൂടെ സിദ്ധിച്ചതും അവർക്ക് ഉപയോഗയോഗ്യമല്ലാതെ നശിപ്പിക്കപ്പെട്ട് പോകാവുന്ന കരിങ്കല്ലിൽ തീർത്ത ആൽസംരക്ഷണതറയിലെ കരിങ്കല്ലു കൾ സ്തുത്യർഹമായ രീതിയിൽ ഉപയോഗയോഗ്യമാക്കി പരിരക്ഷിച്ച് പള്ളികൊടിമരത്തറ രൂപകല്പനചെയ്ത നമ്മുടെ പൂർവ്വീകരെ നന്ദിയോടെ സ്മരിക്കുന്നു.

പാവറട്ടി മെയിൻറോഡിൽ നിന്ന് ബസ് സ്റ്റാൻഡിലേക്കുള്ള വഴിയുടെ വടക്കുവശത്ത് മാണിക്കത്ത് തറവാട്ടുവക സ്ഥലത്ത് റോഡിനോട് ചേർന്നുനിൽക്കുന്ന കിണർ മാണിക്കത്ത് കേളുമേനോന്റെ സ്മരണ നിലനിർത്തുന്നതിന് പുരാതനകാലത്ത് കേളുമേനോന്റെ കുടുംബം നിർമ്മിച്ചതാണ്. ഈ കിണർ 'മാണിക്കത്ത് കേളുമേനോൻ സ്മാരകം' എന്ന് ആലേഖനം ചെയ്ത് പാവറട്ടി ജുമാമസ്ജിദിന്റെ പള്ളിക്കിണറായി ഉപയോഗിക്കപ്പെട്ടിരുന്നു. ഇത് പാവറട്ടിയിലെ മതസൗഹാർദ്ദത്തിന്റെ ഉത്തമപ്രതീകമായി അടുത്തകാലം വരെ നിലനിന്നിരുന്നു.

വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം തേടി തീർത്ഥകേന്ദ്രത്തിലെത്തുന്ന വിശ്വാസികളെ ഉൾക്കൊള്ളുവാൻ പര്യാപ്തമല്ലാത്ത വിധം തീർത്ഥാടകർ വർദ്ധിച്ചപ്പോൾ 1934 ൽ പുരാതന ദേവാലയത്തിന്റെ തെക്കുവശത്തും പിന്നീട് വടക്കുവശത്തും ഹാളുകൾ നിർമ്മിച്ച് ഭക്തജനങ്ങൾക്ക് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ സൗകര്യ പ്പെടുത്തി. അന്നത്തെ ഇടവക വികാരിയായിരുന്ന ബഹു.ചെറുനിലം മത്തായിയച്ചന്റെയും അസി.വികാരി റവ. ഫാ. തേർമഠം അച്ചന്റെയും നേതൃത്വത്തിൽ പള്ളിയുടെ മദ്ബഹായുടെ തെക്കോട്ട് 60 അടി നീളത്തിലും 20 അടി വീതിയിലും പുതിയ ഹാൾ പണികഴിപ്പിച്ചു. ഈ ഹാൾ പണിയുന്നതിനായി മദ്ബഹായുടെ തെക്ക് ഭാഗത്തുള്ള ചുമർ മുറിച്ച് വിശ്വാസികൾക്ക് തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളുന്നതിനുള്ള സൗകര്യം ഒരുക്കി. ഈ ഹാളിൽ വി.കൊച്ചുത്രേസ്യായുടെ ഒരു അൾത്താരയും സ്ഥാപിച്ചു. ഈ ഹാളിന്റെ ഭിത്തിക്ക് ഇരുവശങ്ങളി ലുമായി റിലീഫ്വർക്കിൽ നിർമ്മിച്ച കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങൾ ചിത്രീകരിച്ചിരുന്നു. കൂടാതെ, അമലോത്ഭവമാതാവിന്റെ രൂപവും പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. (യോഗഹാളിലെ രൂപക്കൂട്ടിലെ തിരുസ്വരൂപം) മാതാവിന്റെ സന്നിധിയിൽ മരിയൻ സൊഡാലിറ്റി അംഗങ്ങൾ പ്രാർത്ഥനക്കും ഒപ്പീസിനുമായി സമ്മേളിച്ചിരുന്നത് ഈ ഹാളിലാണ്.

PAVARATTYSHRINE.COM

മദ്ബഹായുടെ വടക്കുഭാഗത്ത് ഉള്ള കെട്ടിടത്തിന് മുകളിലായിരുന്നു അന്ന് വൈദികർ താമസിച്ചിരുന്നത്. തീർത്ഥാടക ബാഹുല്യം മൂലം 1961 ൽ അന്നത്തെ ഇടവക വികാരിയായിരുന്ന ബഹു.ഫാ. പോൾ വാലിക്കോടത്തിന്റെ കാലത്ത് മദ്ബഹായുടെ വടക്കുഭാഗത്തെ ചുമർ മുറിച്ച് വൈദികർ താമസിക്കുന്ന മുറികളുടെ താഴത്തെ സ്ഥലം വിശ്വാസികൾക്ക് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിന് സൗകര്യപ്പെടുത്തുകയുണ്ടായി.

1880 ൽ ഒരു ഹാൾ മാത്രമുള്ള പള്ളി പണിതീർന്നുവെങ്കിലും തീർത്ഥാടകർക്കും ഇടവകക്കാർക്കു തന്നെയും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ സ്ഥലം തീരെ മതിയാകാതെ വന്നതിനാൽ രണ്ടുഘട്ട ങ്ങളിലായി അന്നത്തെ പള്ളിയുടെ ബലിപീഠത്തിന്റെ ഇരുവശങ്ങളി ലേക്കും ഹാളുകൾ പണിയുകയുണ്ടായി. 1936 ൽ തെക്കുഭാഗത്തേക്കും 1961 ൽ വടക്കുഭാഗത്തേക്കുമാണ് പണിതത്. അന്നുണ്ടായിരുന്ന 900 ഓളം വരുന്ന കുടുംബങ്ങൾക്ക് സൗകര്യമായി ദിവ്യകർമ്മങ്ങളിൽ പങ്കെടുക്കുവാൻ ഇതുവഴി സാധിച്ചു. തീർത്ഥാടക ബാഹുല്യത്തെ തുടർന്ന് പഴയ പള്ളി പൊളിച്ച് പുതിയൊരു ദേവാലയ നിർമ്മാണം പരിഗണിക്കേണ്ടത് ആവശ്യമായി. അങ്ങനെയാണ് ശതാബ്ദി സ്മാരകമായി പുതിയ പള്ളി പണിയാൻ തീരുമാനമായത്.

**1977ൽ പൂർത്തീകരിച്ച ദേവാലയം**

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപ ണത്തിരുനാൾദിനത്തിൽ 1975 ആഗസ്റ്റ് 15-ാം തിയതി രൂപതാധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ മാർ ജോസഫ് കുണ്ടുകുളം തിരുമേനി അടിസ്ഥാനശിലാ സ്ഥാപനം നടത്തി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ രണ്ടുവർഷ ങ്ങൾക്കുശേഷമാണ് പരിസമാപ്തിയിലെത്തിയത് (1977 ഏപ്രിൽ 24-ാം തിയതി). പള്ളി കൂദാശാകർമ്മവേളയിൽ അഭിവന്ദ്യ കുണ്ടുകുളം തിരുമേനിയെ കൂടാതെ തലശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേനി, പാലക്കാട് രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് ഇരുമ്പൻ തിരുമേനി എന്നീ പിതാക്കന്മാർ സഹകാർ മ്മികരായുണ്ടായിരുന്നു. പഴയ പള്ളിയുടെ പ്രധാന ബലിപീഠം മാറ്റമില്ലാതെ നിറുത്തിക്കൊണ്ട്, 12,500 ചതുരശ്രഅടി ഉൾവി സ്തീർണ്ണത്തിൽ ഒറ്റ തൂണു പോലും ഇല്ലാതെ നിർമ്മാണം പൂർത്തിയായ ഈ ദേവാലയം ആയിരക്കണക്കിന് വിശ്വാസികൾക്ക് അത്താണിയായി നിലകൊള്ളുന്നു. ശതാബ്ദിസ്മാരകമായ ഈ ദേവാലയ നിർമ്മാണത്തിന് പ്രചോദനവും നേതൃത്വവും നൽകിയത് അന്നത്തെ ബഹു. വികാരിയച്ചൻ യശ്ശ. സക്കറിയാസ് പുതുശ്ശേരിയാ യിരുന്നു. അദ്ദേഹം മോൺ. പദവിയിലിരിക്കെ 1988 മെയ് 13-ാം തിയതി ദിവംഗതനാവുകയും പരിയാരം ഉപവി മഠം കപ്പേളയിൽ നിത്യവിശ്രമം കൊള്ളുകയും ചെയ്യുന്നു.

പാവറട്ടി തിരുനാൾ ഈസ്റ്റർ കഴിഞ്ഞ് മൂന്നാം ഞായറാഴ്ചയായതിനാൽ, തിരുനാൾ ആഘോഷതിയതിയിൽ വർഷം തോറും മാറ്റങ്ങൾ അനുഭവപ്പെടുന്നു.

നക്ഷത്രചന്ദ്രരാശി ഗണിച്ചെടുത്താണ് തൃശൂർപൂരത്തിനുളള തിയതി കുറിക്കുന്നത്. ചന്ദ്രമാസ ക്കണക്കനുസരിച്ച ഈസ്റ്റർദിനാഘോഷത്തോട് ബന്ധപ്പെട്ട പാവറട്ടിതിരുനാൾ, ഇക്കാരണത്താൽ തൃശൂർ പൂരത്തിനോടടുത്ത ദിവസങ്ങളിലായിരിക്കും.

വർഷം തോറും ചിറ്റാട്ടുകര പളളിയിലെ ജനുവരിയിലെ വെടിക്കെട്ടോടുകൂടിയ അവരുടെ ഇടവക മദ്ധ്യസ്ഥന്റെ തിരുനാളിനുശേഷം നടത്തപ്പെടുന്ന പാവറട്ടി ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷപ്രൗഢിയിൽ അവരേക്കാൾ മുന്നിട്ടുനിൽക്കേണ്ടത് അനിവാര്യമെന്ന നമ്മുടെ പൂർവ്വീകരുടെ നിശ്ചയദാർഢ്യവും മത്സര ബുദ്ധിയും, തൃശൂർ പൂരത്തിന്റെ തലേദിവസമോ പിറ്റേ ദിവസമോ നടത്തപ്പെടുന്ന പാവറട്ടി തിരുനാൾ വെടിക്കെട്ട് പൂരം വെടിക്കെട്ടിനോട് കിടപിടിക്കത്തക്കതാക്ക ണമെന്ന് നമ്മുടെ പൂർവികരുടെ ആഗ്രഹസാഫല്യം നിമിത്തവും പാവറട്ടി തിരുനാളിന് വെടിക്കെട്ട് അവിഭാജ്യഘടകമാക്കി തീർക്കുവാനിടയാക്കി.

കൂടാതെ, പാവറട്ടി തിരുനാളും വെടിക്കെട്ടും അഭേദ്യമായി ബന്ധപ്പെട്ടതാണെന്നതിന് പ്രചുരപ്രചാരത്തിലുളള നിരവധി ഐതിഹ്യ ങ്ങളുണ്ട്.

പൗരാണികകാലം മുതൽ തന്നെ തിരുനാളിന് വെടിക്കെട്ട് നടത്തുന്നതിൽ നമ്മുടെ പൂർവ്വികർ ബദ്ധശ്രദ്ധരായിരുന്നു. വെടിക്കെട്ടും വിശുദ്ധ യൗസേപ്പിതാവിന്റെ വളയെടുപ്പും വളരെ മനോഹരമാക്കി ത്തീർക്കുന്നതിനുളള തുക സമാഹരിക്കുന്നത് പ്രാർത്ഥന സമുദായങ്ങൾ രൂപീകരിച്ച് ദിവസപ്പിരിവെടുത്തും വിവിധ തിരുനാൾ കുറികൾ നടത്തിയും നാനാജാതി മതസ്ഥരിൽനിന്നും കേരഫലങ്ങളും സംഖ്യയും സംഭാവനയായി സ്വീകരിച്ചുകൊണ്ടാണ്. കരിമരുന്ന് കലാപ്രകടനം മികവുറ്റതാക്കുന്നതിനാവശ്യമായ സൗഹൃദമത്സരത്തിനായി ഇടവകയെ തെക്കും വടക്കും വിഭാഗങ്ങളായി ഭാഗിച്ചിരിക്കുന്നു. രണ്ട് വിഭാഗക്കാരു ടെയും വാശിയേറിയ ഈ അതിഗംഭീരമായ കരിമരുന്നു പ്രയോഗം പളളിയുടെ പരിമിതമായ തിരുമുറ്റത്ത് നാളിതുവരെയും അപകട രഹിതമായി നടത്തിവരുന്നത് വിശുദ്ധന്റെ പ്രത്യേക മദ്ധ്യസ്ഥത യാലാണെന്ന് നാനാജാതിമതസ്ഥരും വിശ്വസിക്കുകയും സാക്ഷ്യ പ്പെടുത്തുകയും ചെയ്യുന്നു.

പാവറട്ടി തിരുനാളിനോടനുബന്ധിച്ച ഒരു പ്രധാന ഭക്താചരണമാണ് വള - ലില്ലിപ്പൂ എഴുന്നള്ളിപ്പ്. നിത്യമണവാളനായ പിതാവിന്റെ തിരുസ്വരൂപത്തിൽ ചാർത്തിയ വളയുടേയും, തിരുസ്വരൂപത്തിന്റെ തൃക്ക യ്യിലെ ലില്ലിപ്പൂവിന്റേയും സാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ട വളയും ലില്ലിപ്പൂവും വാദ്യഘോഷങ്ങളോടെ വീടുകൾ തോറും കയറ്റുകയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും ചെയ്യുന്നു. വലിയ തിരുനാളിന്റെ തലേ ദിവസം ഇടവകമുഴുവനും ഈ ഭക്തിപ്രകടനത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു.

PAVARATTYSHRINE.COM

അറബികടലിന്റെ തീരത്തുനിന്നും ആറ് കിലോമീറ്റർ ഉള്ളിലായി തൃശൂർ നഗരത്തിൽ നിന്നും 22 കിലോമീറ്റർ വടക്കു പടിഞ്ഞാറു മാറി ഗുരുവായൂരിൽ നിന്നും ചാവക്കാടു നിന്നും അഞ്ച് കിലോമീറ്റർ അകലം. അതിനിടയിൽ ഭാരതത്തിലെ ആദ്യ ക്രിസ്ത്യൻ ദേവാലയമായ പാലയൂർ വിശുദ്ധ തോമാസ്ലീഹായുടെ പള്ളി. തൈക്കാട്, എളവള്ളി, മുല്ലശ്ശേരി, ഒരുമനയൂർ ചുറ്റുമുള്ള നാല് ഗ്രാമപഞ്ചായത്തുകൾ. 14 വാർഡുകളായി വിഭജിച്ചിട്ടുളള പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 9.52 ച.കി.മീറ്ററാണ്.

ഇന്ന് ഒരു കൊച്ചുപട്ടണത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന പാവറട്ടി ഗ്രാമം ഇന്ന് ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്താണ്. ആധുനിക സൗകര്യങ്ങൾ തേടി അയൽഗ്രാമക്കാർ ഓടിയെത്തുന്ന പാവറട്ടി സെന്റർ. പ്രസിദ്ധ തീർത്ഥകേന്ദ്രമായ സെന്റ് ജോസഫ്സ് പാരിഷ് ഷ്റൈൻ, പുരാതന ഗോഥിക് വാസ്തുശില്പകലാചാതുരിയിൽ നിർമ്മിത മായ സെന്റ് തോമസ് മോണസ്ട്രി, കർമ്മലീത്ത സന്യാസിമാർ (CMI Congrigation) പാവറട്ടിയുടെ വിദ്യാഭ്യാസ പുരോഗതിക്കായി നടത്തിവരുന്ന പുരാതനവും പ്രശസ്തവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ, സെന്റ് ജോസഫ്സ് യു.പി. & ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, സെന്റ് ജോസഫ്സ് ബി.എഡ്. ട്രെയിനിംഗ് കോളെജ് എന്നിവയും തൊഴിൽ പരിശീലനത്തിനും ഓട്ടോമൊബൈൽ വർക്ക് പരിശീല നത്തിനുമായി സെന്റ് തോമസ് ഓട്ടോ മൊബൈൽ, അനാഥ ബാലന്മാരുടെ സംരക്ഷണത്തിനും പഠനത്തിനുമായി പ്രവർത്തിക്കുന്ന സാവിയോ ഹോം, സെന്റ് തോമസ് ഷോപ്പിംഗ് കോംപ്ലക്സ് മറ്റു അനുബന്ധ സ്ഥാപനങ്ങളും സി. എം. ഐ. സഭയുടം സംഭാ വനകളാണ്. കർമ്മലീത്ത സന്യാസിനീ സഭ (CMC Congrigation) പെൺകുട്ടികൾക്കായി നടത്തുന്ന പ്രശസ്ത സ്ഥാപനങ്ങളായ സി.കെ.സി. എൽ.പി., യു.പി., ഹൈസ്കൂൾ, ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, തൊഴിൽ പരിശീലനത്തിന് ടൈലറിംഗ് & നീഡിൽ വർക്ക്, ബുക്ക് ബൈന്റിംഗ്, പെൺകുട്ടികളുടെ ഓർഫനേജ് മറ്റ് അനുബന്ധസ്ഥാപനങ്ങളും സി. എം, സി. സഭയുടെ സംഭാവനയാണ്.

ആരോഗ്യപരിപാലന രംഗത്ത് പൗരാണികകാലം മുതൽ സ്തുത്യർഹമായ സേവനം ചെയ്യുന്ന ഇടവക തീർത്ഥകേന്ദ്രത്തിന്റെ കീഴിലുളള സാൻ ജോസ് പാരിഷ് ഹോസ്പിറ്റൽ, സാൻ ജോസ് നേഴ്സിംഗ് സ്കൂൾ, മറ്റ് അനുബന്ധ സ്ഥാപന ങ്ങളും, സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ, സാൻ ജോസ് പാരിഷ് ഹാൾ, സെന്റ് ജോസഫ്സ് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ പാവറട്ടിയെ പ്രൗഢഗംഭീരമാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേകം മദ്ധ്യസ്ഥതയാൽ അനേകായിരങ്ങൾക്ക് അത്താണിയായി മാറിക്കഴിഞ്ഞ ഈ ഇടവകയിൽ ആദ്യം അക്കാലത്ത് 300 വീട്ടുകാർ മാത്രമാണ് ഉണ്ടായിരുന്നത്. ഇവിടെയു ണ്ടായിരുന്നവരുടെ സന്താനപരമ്പരയും ഈ പ്രദേശത്തിന്റെ സാംസ്കാരിക ഔന്നത്യം അംഗീകരിച്ചുകൊണ്ട് ഇവിടെ വന്നു താമസിച്ചവരുമായ 1955 കുടുംബങ്ങൾ ഇന്ന് ഈ ഇടവകയെ

സമ്പന്നമാക്കിയിരിക്കുന്നു. ഇടവകസമൂഹത്തെ പ്രവർത്തന സൗകര്യത്തിനായി 40 കുടുംബയൂണിറ്റുകളാക്കിയിട്ടുണ്ട്. മാസത്തിൽ ഒരു തവണയെങ്കിലും സമ്മേളിക്കാവുന്ന രീതിയിൽ കുടുംബ സമ്മേളനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. പത്തു യൂണിറ്റുകൾ കൂടി ഒരു മേഖല എന്നപ്രകാരം നാലു മേഖലകളിലായി ഈ യൂണിറ്റുകളെ വിഭജിച്ചിട്ടുണ്ട്. ബെത്‌ലെഹം, നസ്രത്ത്, ഗലീലി, ജറൂസലേം മേഖലകളാണ് അവ. കുടുംബയൂണിറ്റുകളും ഭക്തസംഘടനകളും നിസ്വാർത്ഥ സേവനപ്രവർത്തനം കാഴ്ചവയ്ക്കുന്നതുകൊണ്ട് ഇടവക പൂർണ്ണമായും ദൈവോന്മുഖതയിൽ നിന്നും ഉയിർകൊള്ളുന്ന സ്നേഹ- സേവന തത്പരതയാൽ കൂടുതൽ സമ്പന്നമായിക്കൊണ്ടിരിക്കുന്നു.

സെന്റ് ജോസഫ്സ് സാധുസംരക്ഷണ ട്രസ്റ്റ്, വിവാഹ സഹായ നിധി, വിവാഹ ലഘുനിക്ഷേപപദ്ധതി തുടങ്ങിയവ ഇടവകയിലെ നിർദ്ധനരെ ഉദ്ധരിക്കുവാൻ ഉതകുന്നവയാണ്. തൃശൂർ രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഭക്തസംഘടനകളും ഇവിടെ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു. ഇടവക ജനങ്ങളെ പരസ്പരം കോർത്തിണക്കുന്ന കുടുംബസമ്മേളനങ്ങളും വാർത്താമാധ്യമമായ പാരിഷ് ബുള്ളറ്റിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

പാവറട്ടി ഇടവകയിൽനിന്ന് നിരവധി ബഹു.വൈദികരും കന്യാസ്ത്രികളും മിഷൻരംഗങ്ങളിലും സന്യാസആശ്രമങ്ങളിലും രൂപതയിലെ വിവിധ ഇടവകകളിലും സജീവമായി സേവനം ചെയ്തുവരുന്നു.

## ഇടവകയുടെ പേര് രൂപപ്പെട്ടത്

### 1. ഐതിഹ്യങ്ങൾ

ഈ നാടിന് പാവറട്ടി എന്ന പേര് എങ്ങനെ ലഭിച്ചു എന്നതിന് പല ഐതിഹ്യങ്ങളുമുണ്ട്. പാവറട്ടി - പോവർട്ടി - Poverty എന്ന ഇംഗ്ലീഷ് വാക്കിൽ നിന്ന് ഉത്ഭവിച്ചതാണോയെന്ന് പരിശോധിക്കുമ്പോൾ പാവറട്ടി എന്ന വാക്കിന്റെ ഉച്ചാരണത്തോടനുരൂപമായ മറ്റു ചില ഇംഗ്ലീഷ് വാക്കുകളായ Property, Prosperity, Priority, Purity, Puberty, Parity എന്നീ പദങ്ങളും പാവറട്ടി എന്ന സ്ഥലനാമത്തോടുള്ള സാമ്യവുമായി താരതമ്യം ചെയ്യുമ്പോൾ വാക്കുകളുടെ ഉച്ചാരണസമാനതക്ക് അനുസരിച്ച് നാടിന്റെ പേര് രൂപംകൊണ്ടു എന്ന് കരുതാവുന്നതല്ല. ബ്രിട്ടീഷ്ഭരണവും വിദ്യാഭ്യാസവും ഈ പ്രദേശത്ത് വേരുറപ്പിക്കുന്നതിന് വളരെ കൊല്ലങ്ങൾക്കുമുമ്പുള്ള ഈ നാടിന്റെ നാമകരണം ഇംഗ്ലീഷ് വാക്കിൽ നിന്ന് ഉത്ഭവിച്ചതല്ല. ഈ നാടിന്റെ ഭൂമിശാസ്ത്ര സാമൂഹിക സാംസ്കാരിക പരിതസ്ഥിതികളും വ്യത്യസ്ഥതകളും പാലയൂരിന്റെ സാമീപ്യവും ചരിത്രപശ്ചാത്തലവും അവഗാഹം പരിശോധിക്കുമ്പോൾ ഇംഗ്ലീഷ് വാക്കിൽനിന്ന് ഉത്ഭവിക്കാവുന്ന നാടിന്റെ നാമകരണത്തിനുള്ള സാധ്യത തികച്ചും അടിസ്ഥാനരഹിതമാണ്.

PAVARATTYSHRINE.COM

അച്ചുറൊട്ടിക്ക് ആന്ധ്രക്കാർ പറയുന്ന പാവ്റൊട്ടി പാവറട്ടിയുമായി ബന്ധമുണ്ടാകുവാൻ സാധ്യതയുണ്ടെന്ന് കരുതുന്നു. റൊട്ടി നിർമ്മാണത്തിനായി ആന്ധ്രയിൽ നിന്ന് പാവറട്ടിയിൽ വന്നുചേർന്നവർ തദ്ദേശവാസികളുമായി ബന്ധപ്പെട്ടിരിക്കാമെന്നും അതുമൂലം പാവറട്ടിയെന്ന പേര് ഈ നാടിനു ലഭിച്ചുവെന്നും കരുതുന്നവരുമുണ്ട്.

തുണി നെയ്ത്ത് ഉപതൊഴിലായി സ്വീകരിച്ചിരുന്ന പാവറട്ടിയിലെ നെയ്ത്തുകാരുടെ സാന്നിധ്യമാണ് പാവറട്ടിയെന്ന പേരിനാധാരം എന്ന് പറയപ്പെടുന്നു. നെയ്ത്തുകാർ തുണി നെയ്യുന്നത് ഊടും പാവുമിട്ടാണ്. പാവറട്ടിയിലെ നെയ്ത്തുകാർ പാവ് ഇരട്ടിയായി ഉപയോഗിച്ച് നല്ലയിനം തുണികൾ നിർമ്മിച്ചതുമൂലമാണ് പാവ് ഇരട്ടി - പാവറട്ടി - എന്ന പേര് രൂപാന്തരം പ്രാപിച്ചതത്രെ.

### 2. പ്രാദേശിക തലത്തിൽ പാവറട്ടി സെന്റർ അറിയപ്പെട്ടിരുന്നത്

കൊള്ളക്കാരിൽ നിന്നും ഈ പ്രദേശത്തുകാർക്ക് സംരക്ഷണം നൽകുന്നതിന് ആവശ്യമായ ആപൽസൂചന നൽകുന്നതിന് പാവറട്ടിയിൽ ഒരു കാവൽപ്പുര സ്ഥാപിച്ച് കാവൽക്കാരെ നിയമിച്ചിരുന്നു. പുരാതന കാലത്ത് പാവറട്ടിയിൽ ഏർപ്പെടുത്തിയിരുന്ന കാവൽപ്പുര സ്ഥിതി ചെയ്തിരുന്നത് പാവറട്ടി സെന്ററിലെ ഇപ്പോഴത്തെ പാവറട്ടി ട്രേഡിംഗ് കമ്പനിയുടെ വടക്ക്-കിഴക്ക് ഭാഗത്ത് അന്നുണ്ടായിരുന്ന വടുക്കൂട്ട് ലോനപ്പന്റെ കെട്ടിടത്തിലായിരുന്നു. അന്നവിടെയുണ്ടായിരുന്ന പ്രസ്തുത കെട്ടിടങ്ങൾ പിൽകാലത്ത് പൊളിച്ച് നീക്കപ്പെട്ട് പുതിയവ റോഡിനഭി മുഖമായി നിർമ്മിക്കപ്പെട്ടു. ഇന്ന് അവിടെ കാണുന്ന കെട്ടിടങ്ങൾ അന്നത്തെ കാവൽപ്പുരയുടെ മുൻഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഈ നാടിന്റെ അധികാരിയായിരുന്ന വടക്കൂട്ട് കുടുംബാംഗ ങ്ങളുടെവക കെട്ടിടത്തിലാണ് അന്ന് കാവൽപ്പുര പ്രവൃത്തിച്ചിരുന്നത്. കാവൽപ്പുരയിലെ കാവൽക്കാരെ നിയമിക്കു ന്നതിലും നിർണ്ണായകമായ അധികാരം ദേശം അധികാരിക്ക് ഉണ്ടായിരുന്നുവെന്ന് കരുതുന്നു. അതുകൊണ്ട് പാവറട്ടി അങ്ങാടി (സെന്റർ) "കാവൽപ്പുര" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് അത് ലോഭിച്ച് കാപ്പുര യായി. ഏകദേശം 60 വർഷം മുമ്പുവരെ പാവറട്ടി സെന്റർ കാപ്പുര പേരിലും അറിയപ്പെട്ടിരുന്നു. കാവൽപ്പുരയുടെ തിരോധാന ത്തോടെ കാപ്പുരയുടെ പ്രസക്തിയും നഷ്ടപ്പെട്ടു.

### 3. ആധികാരിക രേഖകളിൽ നിന്നുള്ള തെളിവുകൾ

നമ്മുടെ പള്ളിയിലെ പുരാതന ആധാരങ്ങളുടെ പരിശോധനയിൽ നിന്നും പാവറട്ടിയെന്ന സ്ഥലനാമകരണത്തിന്റെ രൂപാന്തരീകരണത്തിന് ഉപോത്ബലകമായ ആറ് തരത്തിലുള്ള പേരുകളാണ് കാണാനിടയായത്. അന്ന് വിവിധ ആധാര രേഖകളിൽ നമ്മുടെ നാടിന്റെ പേര് ചേർക്ക പ്പെട്ടിരുന്നത് 1. പാവ്വട്ടി, 2. പാവ്വർട്ടി, 3. പാവ്രട്ടി, 4. പാവരട്ടി, 5. പാർവട്ടി, 6. പാവ്വറ്റി എന്നിങ്ങനെയാണ്.

1874 ൽ റജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ പാവറട്ടിയെ 'പാർവട്ടി' എന്നും 1877 ലെ ചില ആധാരങ്ങളിൽ 'പാവ്വട്ടി' എന്നും മറ്റു ചില ആധാരങ്ങളിൽ 'പാവ്വറ്റി' എന്നും 1880 ലെ ചില ആധാരങ്ങളിൽ 'പാവ്രട്ടി' എന്നും 1895 ലെ ചില ആധാരങ്ങളിൽ 'പാവ്വർട്ടി' എന്നും ഈ കാലഘട്ടത്തിലെ വേറെ ചില ആധാരങ്ങളിൽ 'പാവരട്ടി' എന്നും രേഖപ്പെടുത്തിയതായി കാണുന്നു. 1935 ലെ ആധാരങ്ങളിൽ 'പാവറട്ടി' എന്ന്

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1982 ലെ ചില ആധാര രേഖകളിലും പാവറട്ടി എന്നും രേഖപ്പെടുത്തി കാണുന്നതിനാൽ ഏത് വർഷം മുതൽക്കാണ് പാവറട്ടി എന്ന സ്ഥല നാമകരണം മാറ്റം കൂടാതെ ഔദ്യോഗിക രേഖകളിൽ സ്ഥാനം പിടിച്ചതെന്ന് സ്ഥിരീകരിക്കുവാൻ സാധ്യമല്ല.

പാവറട്ടിയെ 100 വർഷങ്ങൾക്കുമുമ്പ് 'പാററ്റി/പാരട്ടി' എന്നാണ് സ്ഥലനാമകരണം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുന്ന രേഖയാണ് പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂൾ ലൈബ്രറിയിലെ പുരാതന പുസ്തകങ്ങളിലെ സീലുകൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞത്. അന്നത്തെ ലൈബ്രറി പുസ്തകങ്ങളിലെ സീലുകളിൽ ST.JOSEPH,S HIGH SCHOOL, PARATTY - KAINIMANGALAM എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൈനിമംഗലം എന്നത് സ്കൂൾ സ്ഥിതിചെയ്യുന്ന പറമ്പിന്റെ പേരാണ്. വീടുകൾ സ്ഥിതിചെയ്യുന്ന പറമ്പിന്റെ പേരും വീട്ടുകാരുടെ പേരും ഒപ്പം ചേർത്ത് പലവീടുകളും ഇന്നും അറിയപ്പെടുന്നുണ്ട്. അതുകൊണ്ട് കൈനിമംഗലം എന്ന പറമ്പിന്റെ പേരും സ്കൂൾ സീലിൽ ഉൾപ്പെടുത്തപ്പെട്ടു. കൈനിമംഗലം മനയുടെ ഉടമസ്ഥതയിലായിരുന്ന സ്കൂൾ പറമ്പിന്റെ പേരും അന്നത്തെ ദേശനാമമായ പാററി (PARATTY) എന്നും സീലിൽ രേഖപ്പെടുത്തി യിരിക്കുന്നതിൽനിന്നും നൂറിൽപരം വർഷങ്ങൾക്കു മുമ്പ് പാററ്റി/പാരട്ടി എന്ന പേരിലാണ് നമ്മുടെ നാട് അറിയപ്പെട്ടിരുന്നതെന്ന് സ്ഥിരീകരിക്കാവുന്നതാണ്.

നമ്മുടെ പുരാതന ആധാരരേഖകളിലേയും പാവറട്ടി സെന്റ് ജോസഫ്സ് ഹൈ സ്കൂൾ ലൈബ്രറി പുസ്തകങ്ങളിലെയും സീലുകളിൽ രേഖപ്പെടുത്തിയ നമ്മുടെ നാടിന്റെ പുരാതന പേരുകളായ പാററ്റി, പാരട്ടി, പാവരട്ടി എന്നീ പേരുകളിൽ തന്നെയാണ് നമ്മുടെ നാട് മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്നത് എന്ന് തെളിയിക്കുന്ന രേഖകളാണ് രൂപതാ ആർക്കിയോസിസിലെ കല്ലന്താരി ക്രമങ്ങളുടെ പരിശോധനയിൽ നിന്നും മനസ്സിലാക്കു വാൻ കഴിഞ്ഞത്. മുദ്രണം ചെയ്തു പ്രസിദ്ധപ്പെടുത്തിയ 100 ൽപരം വർഷങ്ങൾ ക്കുമുമ്പുള്ള നമ്മുടെ രൂപതാ കല്ലന്താരിക്രമങ്ങളിൽ 1892 ൽ നമ്മുടെ ഇടവകയെ **പാററ്റി ഇടവക** എന്നും 1900 ൽ **പാരട്ടി ഇടവക** എന്നും 1927 ൽ **പാവരട്ടി ഇടവക** എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും പാവറട്ടി എന്ന നമ്മുടെ നാടിന്റെ പേര് രൂപപരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നും ആദ്യകാലഘട്ടങ്ങളിൽ നമ്മുടെ നാടിന്റെ നാമധേയം പാററ്റി എന്നും പാരട്ടി എന്നും ആയിരുന്നുവെന്നും പിന്നീട് പാരട്ടിക്ക് 'വ' കാരം ലഭ്യമായി പാവരട്ടിയായി പരിണമിക്കുകയും പിൽക്കാലങ്ങളിൽ 'ര' കാരം 'റ' കാരത്തിന് വഴിമാറി ഇന്നത്തെ പാവറട്ടിയായി രൂപാന്തരീകരണം പ്രാപിച്ചുവെന്നും മനസ്സിലാക്കാവുന്നതാണ്.

വിവിധരീതിയിലുള്ള ഉച്ചാരണരൂപ പരിണാമങ്ങൾക്ക് (പാററ്റി/പാരട്ടി) വിധേയമായ നമ്മുടെ നാട് സുപ്രസിദ്ധമായതിൽ സുപ്രധാന പങ്കുവഹിച്ച തീർത്ഥകേന്ദ്രത്തിലെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സാന്നിധ്യത്താൽ **പാവനമായ** ഈ ദേശം **പാവറട്ടി**യായി തീർന്നതായിരിക്കാം.

അതിപുരാതനമായ പാലയൂരിന്റെ സാന്നിധ്യം ഒരുപക്ഷെ ഈ സ്ഥലനാമ കരണത്തിൽ സുപ്രധാനമായ പങ്ക് വഹിച്ചിരുന്നിരിക്കാം. പാലയൂരിലെ പൂർവ്വക്രിസ്ത്യാനികൾ അവിടെ നിന്നും പല കാരണങ്ങളാൽ മാറി താമസിക്കാനിടയായ സമീപപ്രദേശ ങ്ങളിലെ ബന്ധുമിത്രാദികൾ അധിവസിക്കുന്ന അയൽപ്രദേശങ്ങൾക്ക് അവരുടെ വാസസ്ഥലനാമത്തോടനുബന്ധനാമങ്ങൾ നല്കിയതിനാലായിരിക്കാം, പാലയൂരിനടുത്ത പ്രദേശത്തെ പാലുവായ് എന്നും തൊട്ടടുത്ത ദേശത്തെ പാവറട്ടിയെന്നും പേര് നല്കാനിടയായത്. പാവറട്ടി യോടടുത്ത പാങ്ങും, പെരിങ്ങാടും, പാടൂരും, പെരുവല്ലൂരും, പേനകവും, പറപ്പൂരും ഈ രീതിയിൽ സ്ഥലനാമങ്ങൾ നല്കപ്പെട്ടവയായിരിക്കാം. ക്രൈസ്തവകുടുംബങ്ങളുടെ ഭൂരിപക്ഷസാന്നിധ്യമുള്ള പാലുവായും പാവറട്ടിയും പാങ്ങും പെരിങ്ങാടും, പാടൂരും, പെരുവല്ലൂരും പേനകവും പറപ്പൂരും സ്ഥലനാമകരണത്തിൽ പാലയൂരു മായി ബന്ധമുണ്ടായിരിന്നിരിക്കാം.

PAVARATTYSHRINE.COM

**ഇടവകയുടെ വളർച്ചയിലുണ്ടായ സ്ഥാപനങ്ങൾ**

**പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ**

ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം നൽകുവാൻ പള്ളിയോടനുബന്ധിച്ച് പുരാതനകാലം മുതൽ തന്നെ പള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടു. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന് നമ്മുടെ പൂർവ്വി കർ മനസ്സിലാക്കി പ്രവർത്തിച്ചതിന്റെ ഫലമായി ഇടവക മാനേജ്മെന്റിൽ എൽ. പി. യു. പി. വിഭാഗങ്ങളിൽ സ്കൂളികൾ ആരംഭിച്ചു. ഈ സ്കൂളുകൾ ഇടവകയുടെ നാനാഭാഗങ്ങളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു. അവ

| | **സ്ഥാപന വർഷം** |
|---|---|
| 1. സെന്റ്‌ലൂവീസ് എൽ. പി. സ്കൂൾ, വെന്മേനാട് | 1903 |
| 2. സെന്റ് ജോസഫ്സ് എൽ. പി. സ്കൂൾ, പാവറട്ടി | 1908 |
| 3. സെന്റ് ആന്റണീസ് യു. പി. സ്കൂൾ, പൂവ്വത്തൂർ | 1925 |
| 4. സെന്റ് മേരീസ് എൽ. പി. സ്കൂൾ, പുതുമനശ്ശേരി | 1925 |

**സാൻജോസ് പാരിഷ് ആശുപത്രി**

ഭാഗ്യസ്മരണാർഹനായ **മാർ ജോസഫ് കുണ്ടുകുളം** തിരുമേനി 1942 മുതൽ 1952 വരെ ഈ ഇടവകയിൽ കൊച്ചച്ചനായി സേവനം അനുഷ്ഠിച്ചിരുന്ന കാലത്ത് 1949 ൽ **സെന്റ് ജോസഫ്സ് ഹൈസ്കൂളിനു** മുന്നിലുണ്ടായിരുന്ന **ഒലക്കേങ്കിൽ ബിൽഡിംഗിൽ** നാല് മുറികൾ വാടകയ്ക്കെടുത്ത് ഒരു ഡിസ്പെൻസറി ആരംഭിച്ചു - **വിൻസെൻഷ്യൻ ഡിസ്പെൻസറി** - പാവറട്ടി ഇടവകയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റി നടത്തിവന്നിരുന്ന ഈ ഡിസ്പെൻസറി കൂടുതൽ സാമ്പത്തിക - കർമ്മശേഷിയെ പ്രവർത്തനോന്മുഖമായി കേന്ദ്രീകരിക്കു ന്നതിനു വേണ്ടി 1970 ഏപ്രിൽ 5-ാം തിയതി ഇടവക പള്ളിക്ക് കൈമാറ്റം ചെയ്യപ്പെടുകയും **സാൻജോസ് ഹോസ്പിറ്റൽ** ആയി വളർച്ച പ്രാപിക്കുകയും ചെയ്തു. പ്രസ്തുത കാലഘട്ടത്തിൽ സാൻജോസ് ഹോസ്പിറ്റൽ ഇടവകയുടെ കീഴിലുള്ള സാധു സംരക്ഷണട്രസ്റ്റിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്.

1986 വരെയുള്ള കാലഘട്ടങ്ങളിൽ C.M.C. സഭാംഗങ്ങളുടെ സേവനത്തിലായിരുന്നു ആശുപത്രി പ്രവർത്തിച്ചിരുന്നത്. **1987** മുതൽ **SABS** സഭാംഗങ്ങളാണ് ആശുപത്രിയിൽ സേവനമനുഷ്ഠിച്ചുവരുന്നത്.

കാലാനുസൃതമായ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള ആശുപത്രിയോടനുബന്ധിച്ച് മെയിൻ റോഡിനഭിമുഖമായി അത്യാധു നിക സൗകര്യങ്ങളോടുകൂടിയ മൂന്നു നിലകളുള്ള ആസ്പത്രികെട്ടിടം 2005 നവംബർ 30-ാം തിയതി അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു.

ഇന്ന് ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പെഡിയാട്രിക്സ്, ഗൈനക്കോളജി വിഭാഗങ്ങളും സ്പെഷലൈസ്ഡ് വിഭാഗങ്ങളിലായി ഇ.എൻ.ടി, ഡെന്റൽ, ത്വക്ക്, കണ്ണ്, ഓർത്തോ, റേഡിയോളജി, കാർഡിയോളജി, ഫിസിയോതെറാപ്പി, ആയുർവ്വേദം എന്നീ വിഭാഗങ്ങളും പ്രവർത്തിച്ചുവരുന്നു. വിദഗ്ധരായ ഇരുപതോളം ഡോക്ടർമാരും കൂടാതെ പാരാമെഡിസിൻ തുടങ്ങിയ വിവിധ വിഭാഗങ്ങളിലായി 200 ഓളം സ്റ്റാഫ് അംഗങ്ങളും ഇവിടെ സേവനമനുഷ്ഠിച്ചു വരുന്നു.

ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, സുസജ്ജമായ ഓപ്പറേഷൻ തിയ്യറ്റർ, എക്സ്റേ, ഇ.സി.ജി., ലബോറട്ടറി, ഫാർമസി, ഇതിനു പുറമേ അൾട്രാസൗണ്ട് സ്കാൻ, കളർ ഡോപ്ളർ, എക്കോകാർഡിയോഗ്രാം, മുതിർന്നവർക്കും കുട്ടികൾക്കും പ്രത്യേക ഐ.സി.യു., ആംബുലൻസ് സർവ്വീസ് തുടങ്ങിയ സൗകര്യ ങ്ങൾ ലഭ്യമാണ്.

PAVARATTYSHRINE.COM

എല്ലാ മാസവും മാസാദ്യചൊവ്വാഴ്ചകളിൽ ബി.സി.ജി.യും, എല്ലാ ചൊവ്വാഴ്ചയും ശനിയാഴ്ചയും മറ്റു വാക്സിനുകളും കൊടുക്കുവാ നുളള സൗകര്യം, എല്ലാ മാസവും ഒന്നും മൂന്നും ബുധനാഴ്ചകളിൽ പാവപ്പെട്ട രോഗികൾക്കായി സൗജന്യ ചികിത്സാസൗകര്യവും, കൂടാതെ, നിർദ്ധനരായ രോഗികൾക്ക് ജാതിമത ഭേദമെന്യെ സൗജന്യ ചികിത്സാസഹായവും നല്കിവരുന്നു.

ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സാൻജോസ് നഴ്സിംഗ് സ്കൂളും (അതിലെ വിദ്യാർത്ഥികളുടെ സേവനവും) 200 ലധികം കിടക്കകളിലെ രോഗികളെ ചികിത്സിപ്പിക്കുവാനുള്ള എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഈ ഹോസ്പിറ്റൽ ഒരു സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലായി ഉയർത്തുന്നതിന് വേണ്ട എല്ലാ നടപടി ക്രമങ്ങളും പുരോഗതി പ്രാപിച്ചുവരുന്നു.

ലക്ഷ്യപ്രാപ്തി കൈവരിച്ചവയും ലക്ഷ്യപ്രാപ്തിയിലേക്കുള്ള പ്രയാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ സാൻജോസ് പാരിഷ് ഹോസ്പിറ്റലിന്റെ സേവനപദ്ധതികളിൽ പ്രാധാന്യമർഹിക്കുന്നവ:-

1. നിർദ്ധനരും അശരണരും അനാഥരും ആലംബഹീനരുമായ രോഗികൾക്ക് സൗജന്യവൈദ്യസഹായവും ഔഷധങ്ങളും പ്രതിരോധ വാക്സിനും നല്കുക. 2. കുഗ്രാമങ്ങളിലെ സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമരുളുന്നതിന് മെഡിക്കൽ ക്യാമ്പുകൾ സംഘ ടിപ്പിച്ച് സൗജന്യ വൈദ്യസഹായവും ഔഷധവിതരണവും നല്കുക. 3. ഗ്രാമീണരായ സാധാരണ ജനങ്ങൾക്ക് ആരോഗ്യപരിപാലനത്തിനും ശുചിത്വവത്കരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പരിസര മലിനീകരണ സംരക്ഷണത്തിനും മാലിന്യരഹിതമായ കുടിവെള്ള സംഭരക്ഷണത്തിനും ശുചിത്വമുള്ള ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിന് ബോധവത്കരണം നല്കുവാൻ മെഡിക്കൽകോളെജ്, യൂണിവേഴ്സിറ്റികൾ, ഹെൽത്ത് സർവ്വീസ് സംഘടനകൾ, ജില്ലയിലെ മറ്റ് ഹോസ്പിറ്റലുകൾ എന്നിവയുമായി സഹകരിച്ച് പഠനക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തി തദ്ദേശവാസികളെ ആരോഗ്യപരിപാലന ത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വിദ്യാഭ്യാസവും സൗജന്യമായി നല്കുക. 4. രോഗ ശുശ്രൂഷയോടൊപ്പം രോഗപ്രതിരോധത്തിനും

രോഗനിർമ്മാർജ്ജന ത്തിനും ആവശ്യമായ നിർദ്ദേശങ്ങളും നല്കി, രോഗിയായി ചികിത്സ തേടുന്നതിനേക്കാൾ രോഗിയാകാതിരിക്കുന്നതിനുള്ള വിവിധ രോഗ സംക്രമണ മാർഗ്ഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള അവബോധ ബോധവത്കരണം വഴി സമൂഹത്തെ സഹായിക്കുക. 5. സഹജീവി സ്നേഹത്തിന്റേയും സദാചാരത്തിന്റെയും മതമൈത്രിയുടേയും അക്രമരാഹിത്യത്തിന്റേയും പരസ്പരസഹകരണത്തിന്റേയും വിശ്വസാഹോദര്യത്തിന്റെയും ഉന്നതമൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതത്തിന് ഉതകുന്ന വിദ്യാഭ്യാസം നല്കുന്നതിന് ആവശ്യമായ ലഘുലേഖകൾ വിതരണം ചെയ്തും ദൃശ്യ-ശ്രവണമാധ്യമങ്ങളുടെ സഹായത്തോടെ പഠനക്ലാസ്സുകൾ നടത്തി സാധാരണക്കാരെ ബോധവൽക്കരിക്കുക മുതലായവയാണ്.

മുകളിൽ സൂചിപ്പിച്ച ഹോസ്പിറ്റലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചവയെ പരിപോഷിപ്പിക്കുന്നതിലേക്കുള്ള പ്രയാണം ത്വരിതഗതിയിലാക്കുന്നതിനായി ഇടവക സാധുസംരക്ഷണ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ആശുപത്രി സാൻജോസ് പാരിഷ് ഹോസ്പിറ്റൽ ട്രസ്റ്റ് എന്ന ചാരിറ്റബിൾ ട്രസ്റ്റായി 2006 ആഗസ്റ്റ് 28-ാം തിയതി രജിസ്റ്റർ ചെയ്യപ്പെട്ടു. (റജി.ഡോക്യുമെന്റ് നമ്പർ 831/ IV/2006) പ്രസ്തുത ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാൻ കാലാകാലങ്ങളിലെ ഇടവക തീർത്ഥകേന്ദ്ര വികാരിയും ഭരണസമിതി അംഗങ്ങളായി അതത് കാലങ്ങളിലെ പള്ളിക്കൈക്കാരന്മാരും മൂന്ന് കൊല്ലത്തേക്ക് ഇടവകപ്രതിനിധി സഭ നിർദ്ദേശിക്കുന്ന അംഗങ്ങളുമായിരിക്കും ഉത്തര വാദിത്വത്തോടെ ആശുപത്രി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ചുമതലപ്പെട്ടവർ.

### സാൻജോസ് സ്കൂൾ ഓഫ് നേഴ്സിംഗ്, പാവറട്ടി

സാൻജോസ് പാരിഷ് ഹോസ്പിറ്റലിനോടനുബന്ധിച്ച് 1994 ജനുവരി 1-ാം തിയതി സാൻജോസ് സ്കൂൾ ഓഫ് നഴ്സിംഗ് എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചു. കേരള നേഴ്സിംഗ് കൗൺസിലിന്റെ 23/09/1993 ലെ ഉത്തരവ് പ്രകാരം നേഴ്സിംഗ് സ്കൂളിന് അംഗീകാരം ലഭിക്കുകയും 1994 ജനുവരി 1-ാം തിയതി ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. (As per Order of Kerala Nursing Council dated 23-09-1993 )

PAVARATTYSHRINE.COM

തുടക്കത്തിൽ സ്ഥലപരിമിതിമൂലം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റലിൽ തന്നെയാണ് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിരുന്നത്.

1994 ഒക്ടോബർ 19-ാം തിയതി അന്നത്തെ വികാരിയായിരുന്ന റവ.ഫാ. ജോസഫ് ചാഴൂർ പുതിയ നേഴ്സിംഗ് സ്കൂൾ കെട്ടിടത്തിന് അടിസ്ഥാനശിലയിട്ടു.

1996 ഫെബ്രുവരി 25-ാം തിയതി അഭിവന്ദ്യ കുണ്ടുകുളം തിരുമേനി പണി പൂർത്തീകരിച്ച നേഴ്സിംഗ് സ്കൂൾ ആശിർവദിക്കുകയും ചെയ്തു.

2000-ാമാണ്ട് ജനുവരി 5-ാം തിയതി നഴ്സിംഗ് സ്കൂളിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി.

മൂന്നര വർഷത്തെ നഴ്സിംഗ് കോഴ്സിന് ഓരോ ബാച്ചിലും 20 വീതം വിദ്യാർത്ഥിനികളുടേയും ബോണ്ട് ട്രെയ്നീസ് ഉൾപ്പെടെ 100 ഓളം നഴ്സിംഗ് സ്റ്റാഫിന്റെയും സേവനവും ഹോസ്പിറ്റലിന് ലഭ്യമാണ്.

# മറ്റു വിവരങ്ങൾ

## ഐതിഹ്യങ്ങൾ

ആവശ്യഘട്ടങ്ങളിൽ നമ്മുടെ പിതാവിന്റെ സഹായവും സാന്നിദ്ധ്യവും ഉണ്ടാകുമെന്ന് സാക്ഷ്യപ്പെടുത്തുന്ന പ്രചാരത്തി ലുളളൊരു ഐതിഹ്യം താഴെ ചേർക്കുന്നു. ഉദ്ദേശം 80 കൊല്ലം മുമ്പ് ഒരു വർഷം വെടിമരുന്നിന്റെ ലൈസൻസ് പുതുക്കുന്ന കാര്യം മറന്നുപോകുകയുണ്ടായത്രെ. ലൈസൻസ് പുതുക്കുവാൻ അന്ന് മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട് ചെല്ലണം. യാത്ര ഇന്നത്തെപ്പോലെ എളുപ്പമല്ലാതിരുന്ന ആ കാലത്ത് രാത്രി 10 മണിക്ക് കൂട്ടുങ്ങൽ (ചാവക്കാട്) കടവിൽ നിന്നും പൊന്നാനിക്കു പുറപ്പെടുന്ന വഞ്ചിയിലാണ് കോഴിക്കോട്ടേക്കു പോകാനുളളവർ പുറപ്പെടുക. നമ്മുടെ പൂർവ്വികർ ലൈസൻസ് പുതുക്കു വാനുളള അപേക്ഷ തയ്യാറാക്കുമ്പോഴേക്കും രാത്രി 10 മണിയായി ക്കഴിഞ്ഞിരുന്നു. എങ്കിലും വിശുദ്ധ യൗസേപ്പിതാവിനോട് സഹായം അപേക്ഷിച്ച് അവർ കൂട്ടുങ്ങൽ കടവിലേക്ക് അതിവേഗം നടന്നു. പാലയൂർ പളളിയുടെ അടുത്തെത്തിയപ്പോൾ പരിഭ്രാന്തരായ കൈക്കാരന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് ശുഭവസ്ത്രധാരിയായ ഒരു താടിക്കാരൻ അവരോട്, വേഗം നടന്നോളൂ, വഞ്ചി നിങ്ങളെ കാത്തു കിടക്കുകയാണ് എന്നും പറഞ്ഞ് ഏതോ കുറുക്കുവഴിയിലൂടെ അവരെ പെട്ടെന്ന് കടവിലെത്തിച്ചു. വഞ്ചിക്കാരൻ ഇവർ എത്തിയ ഉടനെ ''വരൂ, നിങ്ങൾ വന്നിട്ടെ വഞ്ചി വിടാവൂ'' എന്ന് പറഞ്ഞ് ഒരു താടിക്കാരൻ ഇവിടെ നിന്നിരുന്നുവല്ലോ. അയാളെവിടെ എന്നും മറ്റും പരുഷമായി സംസാരിച്ചു. നന്ദി പറയുവാനായി നോക്കുമ്പോഴേക്കും ആ വയസ്സൻ അപ്രത്യക്ഷനാ യിരുന്നു. അപ്പോൾ മാത്രമാണ് വിശുദ്ധ യൗസേപ്പിതാവുതന്നെയാണ് തങ്ങളെ സഹായിക്കാനെത്തിയത് എന്നവർക്കു മനസ്സിലായത്.

തിരുസ്വരൂപത്തിന്റെ ശിരസ്സിലണിയിക്കാൻ തയ്യാറാക്കിയ സ്വർണ്ണമുടി ശിരസ്സിൽ കൊളളാതെവന്നപ്പോൾ, അന്നത്തെ ബഹു. വൈദികരും മറ്റെല്ലാവരും മനസ്സുരുകി പ്രാർത്ഥിക്കുന്ന സമയത്ത് പളളിയുടെ തെക്കുഭാഗത്തുനിന്നും ഒരു പൊട്ടിത്തെറിയുടെ ശബ്ദം കേട്ട് എല്ലാവരും ഭയചകിതരായിപ്പോയി. ഉപയോഗശൂന്യമായ കതിന കുറേനാൾ വെളളത്തിലിട്ടശേഷം, അതിലെ കരിമരുന്ന് മുളവടികൊണ്ട് കുത്തിക്കളയുകയായിരുന്ന തച്ചൻ തിരുമുടി രൂപത്തിന്റെ ശിരസ്സിൽ കടക്കാതിരുന്നപ്പോൾ പരിഹാസത്തോടെ, തന്റെ കയ്യിലെ ഉളികൊണ്ട് രൂപത്തിന്റെ ശിരസ്സ് ചെത്തിയാൽ മുടി കടക്കും എന്നുപറഞ്ഞപ്പോൾ നനഞ്ഞ കതിനയിലെ മരുന്ന് പൊട്ടിത്തെറിച്ചതായിരുന്നു ആ ശബ്ദം. അതോടെ തച്ചന്റെ കൈവിരലും നഷ്ടപ്പെട്ടു. പശ്ചാതാപവിവശനായ തച്ചൻ തിരുസ്വരൂപത്തിന്റെ മുന്നിൽ മാപ്പപേക്ഷയുമായി എത്തിയപ്പോൾ എല്ലാവരേയും അത്ഭുതസ്തബ്ധരാക്കത്തക്കവണ്ണം, എത്ര ശ്രമിച്ചിട്ടും ശിരസ്സിലിറക്കാൻ സാധിക്കാതിരുന്ന തിരുമുടി വേണ്ട പോലെ ശിരസ്സി ലിറങ്ങി കഴിഞ്ഞിരുന്നു.

PAVARATTYSHRINE.COM

വളയെടുപ്പുമായി ബന്ധപ്പെട്ട് മറ്റൊരു ഐതിഹ്യവും പ്രചാര ത്തിലുണ്ട്. വസന്ത (പകർച്ചവ്യാധി) പരത്തുന്നതിന് തെക്കു നിന്നും പാതിരാവിൽ സ്ത്രീ രൂപത്തിൽ വന്ന ഒരു ദുരാത്മാവിനെ ചൂരൽ പ്രയോഗം വഴി അടിച്ചോടിച്ച തങ്ങളുടെ പരിപാലകനായ പിതാവിനോടുളള നന്ദി സൂചകമായി ആണത്രെ വളയെടുപ്പ് വ്യാപക മായത്. വിശുദ്ധ താതന്റെ അനുഗ്രഹവും സംരക്ഷണവും കുടുംബങ്ങളിലുണ്ടാകുവാൻ വളകയറ്റൽ അത്യന്താപേക്ഷി തമാണെന്നാണ് പാവറട്ടിക്കാരുടെ വിശ്വാസം. ചില സന്ദർഭങ്ങളിൽ വഴിപാടായി സ്വന്തമായി വളയുണ്ടാക്കി വാദ്യഘോഷങ്ങളോടെ പളളിയിൽ കൊണ്ടുപോയി സമർപ്പിക്കുന്നവരുമുണ്ട്. തിരുസ്വരൂപപ്രതിഷ്ഠയും തിരുസ്വരൂപത്തിൽ സ്വർണ്ണകിരീടം അണിയിക്കുന്നതി നോടനുബന്ധിച്ചും ഉണ്ടായ അത്ഭുതത്തെക്കുറിച്ചുളള ഐതിഹ്യം താഴെ ചേർക്കുന്നു.

പളളിക്കാര്യങ്ങളിൽ പ്രത്യേകം നിഷ്കർഷ പാലിക്കണമെന്ന് പിതാവിന് നിർബന്ധമുണ്ട് എന്നുതെളിയിക്കുന്ന ഒരു ഐതിഹ്യവും പറഞ്ഞുകേൾക്കുന്നു.

ചിറ്റാട്ടുകരയിലെ ഒരു പൗരപ്രമാണിയുടെ ശവസംസ്കാരത്തിന് അന്നത്തെ കൈക്കാരൻ കൊമ്പൻ വറീത് പളളിയിലെ വെളളിക്കുരിശു കൊടുത്തയച്ചിരുന്നു. കബറടക്കശുശ്രൂഷക്കുശേഷം കുരിശു അവർ മടക്കിക്കൊണ്ടുവന്നില്ല. കൂടുതൽ കാത്തുനിൽക്കാതെ വറീത് വീട്ടിൽ പോയി. അർദ്ധരാത്രിയോടടുത്ത് ഒരു താടിക്കാരൻ വറീതിനെ വിളിച്ചു ണർത്തി, കുരിശുകൊണ്ടു വന്നോ എന്നും എന്തുകൊണ്ട് അതേപ്പറ്റി അന്വേഷിച്ചില്ല എന്നും ചോദിച്ച് അയാളുടെ നഗ്നമായ പുറത്ത് ചൂരൽ പ്രയോഗം നടത്തിയത്രെ. അടികൊണ്ട ഉടനെ വറീത് തുണയ്ക്ക് ആരേയോ വിളിച്ച് കുരിശു കൊണ്ടുവന്ന് പളളിയിൽ വച്ച് പൂട്ടി വീട്ടിൽ പോയി കിടന്നുറങ്ങി. വറീതിന്റെ പുറത്ത് ഏതാനും ദിവസം മായാതെ കിടന്ന ചൂരൽപ്പാടുകൾ വിശുദ്ധന്റെ ശിക്ഷയുടെ തെളിവായിരുന്നു വത്രെ.